# നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഇല്ലാതാക്കുന്നതിനുമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതി



# നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഇല്ലാതാക്കുന്നതിനുമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതി

ലോക ഭക്ഷ്യ കാർഷിക സംഘടന, ഐക്യരാഷ്ട്ര സഭ റോം 2001

Reprinted 2002, 2004, 2006, 2011, 2016, 2017

The designations employed and the presentation of material in this information product do not imply the expression of any opinion whatsoever on the part of the Food and Agriculture Organization of the United Nations (FAO) concerning the legal or development status of any country, territory, city or area or of its authorities, or concerning the delimitation of its frontiers or boundaries. The mention of specific companies or products of manufacturers, whether or not these have been patented, does not imply that these have been endorsed or recommended by FAO in preference to others of a similar nature that are not mentioned.

ISBN 978-92-5-104601-2

All rights reserved. FAO encourages reproduction and dissemination of material in this information product. Non-commercial uses will be authorized free of charge, upon request. Reproduction for resale or other commercial purposes, including educational purposes, may incur fees. Applications for permission to reproduce or disseminate FAO copyright materials, and all queries concerning rights and licences, should be addressed by e-mail to copyright@fao.org or to the Chief, Publishing Policy and Support Branch, Office of Knowledge Exchange, Research and Extension, FAO, Viale delle Terme di Caracalla, 00153 Rome, Italy.

© FAO 2001

‘International Plan of Action to Prevent, Deter and Eliminate Illegal, Unreported and Unregulated Fishing’

*Malayalam Translation: Dr M P Remesan, ICAR-CIFT, Kochi*
*Translated and Printed by the Bay of Bengal Programme*
*Inter-Governmental Organisation*
*December 2020*

## ഈ ലഘുപുസ്തകം തയ്യാറാക്കൽ

നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതിയെക്കുറിച്ചുള്ള (IPOA-IUU) കാര്യങ്ങളാണ് ഈ പ്രമാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

മത്സ്യവ്യവസായ സമിതിയുടെ (COFI) ഇരുപത്തിമൂന്നാം സമ്മേളനത്തിൽ നിന്നുള്ള ആഹ്വാനത്തിന് മറുപടിയായി ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടത്തിനുള്ള ഒരു സന്നദ്ധ ഉപകരണമായിട്ടാണ് IPOA-IUU വികസിപ്പിച്ചെടുത്തത്. ആസ്ട്രേലിയയിലെ സിഡ്നിയിൽ വച്ച് മെയ് മാസം 2000 ൽ നടന്ന വിദഗ്ദ്ധ കമ്മറ്റിയിൽ IPOA - IUU കരട് പതിപ്പ് വിശദീകരിക്കുകയുണ്ടായി. 2000 ഒക്ടോബറിലും 2001 ഫെബ്രുവരിയിലും റോമിലെ ലോക ഭക്ഷ്യ കാർഷിക സംഘടന ആസ്ഥാനത്ത് നടന്ന സാങ്കേതിക കൂടിയാലോചനകളുടെയും അടിസ്ഥാനം ഈ പ്രമാണം ആയിരുന്നു. 2001 മാർച്ച് 2ന് നടന്ന COFI യുടെ ഇരുപത്തിനാലാം സമ്മേളനത്തിൽ സമവായത്തിലൂടെ IPOA - IUU അംഗീകരിച്ചു. 2001 ജൂൺ 23ന് ലോക ഭക്ഷ്യ കാർഷിക കൗൺസിലിന്റെ നൂറ്റി ഇരുപതാം സമ്മേളനം ഇത് ശരിവച്ചു.

ആസ്ട്രേലിയ, കാനഡ, അതുപോലെ യൂറോപ്യൻ സമിതിയും IPO-IUU വികസിപ്പിക്കുന്നതിലേക്ക് നയിക്കുന്ന തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

ലോക ഭക്ഷ്യകാർഷിക സംഘടന
നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഇല്ലാതാക്കുന്നതിനുമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതി.
റോം, ലോക ഭക്ഷ്യ കാർഷിക സംഘടന, 2001. 32 പേജ്.

**ചുരുക്കം**

എല്ലാ രാജ്യങ്ങൾക്കും, സ്ഥാപനങ്ങൾക്കും എല്ലാ മത്സ്യതൊഴിലാളികൾക്കും ബാധകമായ ഒരു സന്നദ്ധ ഉപകരണമാണ് IPOA-IUU. ഇതിൽ IPOA യുടെ ആമുഖത്തെ തുടർന്ന് IUU വിഭാഗത്തിൽപ്പെട്ട മത്സ്യബന്ധനത്തിന്റെ സ്വഭാവവും, വ്യാപ്തിയും വിശദീകരിക്കുന്നു. ഒപ്പം തന്നെ IPOA യുടെ ലക്ഷ്യവും തത്വങ്ങളും IUU മത്സ്യബന്ധനം തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നടപടികൾ നടപ്പാക്കുന്നതും വിശദീകരിക്കുന്നു. ഈ നടപടികളെല്ലാം കേന്ദ്രീകരിക്കുന്നത് രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ, പതാക രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾ, തീരദേശ രാഷ്ട്രങ്ങളുടെ നടപടികൾ, തുറമുഖ രാഷ്ട്രങ്ങളുടെ നടപടികൾ, അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച കമ്പോളവുമായി ബന്ധപ്പെട്ട നടപടികൾ, ഗവേഷണം, പ്രാദേശിക മത്സ്യവ്യവസായ സംരക്ഷണ സ്ഥാപനങ്ങൾ എന്നിവയിലാണ്. വികസ്വര രാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങളും ഇതിൽ പരിഗണിച്ചതിനുശേഷം വിവരം അറിയിക്കൽ ആവശ്യങ്ങളും എഫ്എഒ യുടെ പങ്കും വ്യക്തമാക്കുന്നുണ്ട്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| I. | ആമുഖം | 7 |
| II. | ഐയുയു മത്സ്യബന്ധനത്തിന്റെ സ്വഭാവവും വ്യാപ്തിയും അന്താരാഷ്ട്ര പ്രവർത്തന പദ്ധതിയും | 8 |
| III. | ലക്ഷ്യങ്ങളും തത്വങ്ങളും | 10 |
| IV. | ഐയുയു മത്സ്യബന്ധനം തടയാനും ഇല്ലാതാക്കാനും വേണ്ടിയുള്ള നടപടികൾ നടപ്പിലാക്കൽ | 11 |
| V. | വികസ്വര രാഷ്ട്രങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ | 30 |
| VI. | വിവരം അറിയിക്കൽ | 30 |
| VII. | ലോകഭക്ഷ്യകാർഷിക സംഘടനയുടെ പങ്ക് | 30 |

# I ആമുഖം

1. ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള പെരുമാറ്റച്ചട്ടത്തിന്റെയും സുസ്ഥിര മത്സ്യബന്ധനത്തിന്റെ മൊത്തത്തിലുള്ള ലക്ഷ്യത്തിന്റെയും പശ്ചാത്തലത്തിൽ ലോക മത്സ്യബന്ധന മേഖലയിലെ നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ (ഐയുയു) മത്സ്യബന്ധനം ഗൗരവമേറിയതും വർദ്ധിച്ചുവരുന്ന ആശങ്കയുളവാക്കുന്നതുമായ ഒരു വിഷയമാണ്. ലോകം മുഴുവനും മത്സ്യസമ്പത്ത് സംരക്ഷിക്കുവാനും കൈകാര്യം ചെയ്യുവാനുമുള്ള എല്ലാശ്രമങ്ങളെയും ദുർബലപ്പെടുത്തുന്നതിൽ ഐയുയു മത്സ്യബന്ധനം മുഖ്യ പങ്ക് വഹിക്കുന്നു. ഐയുയു മത്സ്യബന്ധനത്തെ അഭിമുഖീകരിക്കുമ്പോൾ ദേശീയ, പ്രാദേശിക മത്സ്യ സംരക്ഷണ സംഘങ്ങൾ ലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയപ്പെടാം. ഇതുമൂലം ഹ്രസ്വവും ദീർഘകാലവുമായ സാമൂഹിക സാമ്പത്തിക അവസരങ്ങൾ നഷ്ടപ്പെടുന്നതിനും അതുപോലെ ഭക്ഷ്യ സുരക്ഷയെയും പരിസ്ഥിതി സംരക്ഷണത്തെയും പ്രതികൂലമായി ബാധിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്നു. ഐയുയു മത്സ്യബന്ധനം ഒരു മേഖലയിലെ മത്സ്യസമ്പത്തിന്റെ തകർച്ചയിലേക്ക് നയിച്ചേക്കാം അല്ലെങ്കിൽ ഇതിനകം തന്നെ തകർന്നുപോയ മത്സ്യസമ്പത്തിന്റെ പുനർനിർമ്മാണത്തിനുള്ള ശ്രമങ്ങളെ ഗുരുതരമായി തടസ്സപ്പെടുത്തിയേക്കാം. നിലവിലുള്ള അന്താരാഷ്ട്ര ചട്ടങ്ങളൊന്നും തന്നെ ഐയുയു മത്സ്യബന്ധനത്തെ തടയുന്നതിൽ വിജയിക്കാത്തത് ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തി ഇല്ലാത്തത്, മുൻഗണന നൽകാതിരിക്കൽ, തടയുന്നതിനുള്ള ശേഷി, അതുപോലെ അതിനുവേണ്ട വിഭവങ്ങളുടെ അഭാവം എന്നീ കാരണങ്ങളാലാണ്.

2. ലോക ഭക്ഷ്യ കാർഷിക സംഘടന മത്സ്യ വ്യവസായ സമിതി (COFI) അതിന്റെ 1999 ഫെബ്രുവരി മാസത്തിൽ നടത്തിയ ഇരുപത്തിമൂന്നാം സമ്മേളനത്തിൽ ഐയുയു മത്സ്യബന്ധനം ഉൻമൂലനം ചെയ്യാൻ ആഹ്വാനം ചെയ്തു. ഐയുയു മത്സ്യബന്ധനത്തിലെ വർദ്ധനവിനെക്കുറിച്ച് കമ്മറ്റിക്ക് ആശങ്കയുണ്ടായിരുന്നു പ്രത്യേകിച്ചും മത്സ്യബന്ധന കപ്പലുകൾ സൗകര്യപ്രദമായ പതാകകൾ (flags of convenience) പറപ്പിക്കുന്നു എന്ന കാരണത്താൽ. താമസിയാതെ 1999 മാർച്ചിൽ നടന്ന മത്സ്യബന്ധന മന്ത്രാലയ യോഗം രാഷ്ട്രങ്ങളുടെ അവകാശങ്ങളെയും കടമകളെയും കുറിച്ച് മുൻവിധികളില്ലാതെ, എഫ്എഒ എല്ലാവിധ നിയമവിരുദ്ധവും വിവരങ്ങൾ അറിയിക്കാത്തതും നിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനത്തെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ആഗോള പ്രവർത്തന പദ്ധതി പെരുമാറ്റചട്ടത്തിന്റെ ചട്ടം നാല് പ്രകാരം അന്താരാഷ്ട്ര സമുദ്ര സംഘടന (IMO) പോലുള്ള അന്താരാഷ്ട്ര ശാഖകളും മറ്റ് പ്രസക്തമായ മത്സ്യ വ്യവസായ സംരക്ഷണ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നതായിരിക്കും. ആസ്ട്രേലിയൻ സർക്കാർ എഫ്എഒ യുമായി സഹകരിച്ച് 2000 മെയ് 15 മുതൽ 19 വരെ സിഡ്നിയിൽവച്ച് ഐയുയു മത്സ്യബന്ധനത്തെക്കുറിച്ച് ഒരു വിശദകൂടിയാലോചന സംഘടിപ്പിച്ചു. തുടർന്ന് ഐയുയു മത്സ്യബന്ധനത്തെക്കുറിച്ചുള്ള ഒരു എഫഎഒ സാങ്കേതിക കൂടിയാലോചന 2001 ഫെബ്രുവരി 22 മുതൽ 23 വരെ റോമിൽ വച്ച് നടത്തി. നിയമവിരുദ്ധവും വിവരം അറിയിക്കാത്തതും നിയന്ത്രണമില്ലാത്തുമായ മത്സ്യബന്ധനം തടയുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള അന്താരാഷ്ട്ര പദ്ധതിയുടെ കരട് 2001 ഫെബ്രുവരി 23 ന് കൂടിയാലോചന സമിതി മത്സ്യവ്യവസായ സമിതിയുടെ 24-ാം കൂടിയാലോചന സമിതിക്ക് പരിഗണിക്കുന്നതിനും നടപ്പാക്കുന്നതിനും വേണ്ടി

സമർപ്പിച്ചു. 2001 ൽ മാർച്ച് 2ന് സമവായത്തോടെ അന്താരാഷ്ട്ര പ്രവർത്തന പദ്ധതിക്ക് മത്സ്യവ്യവസായ സമിതി അംഗീകാരം നൽകി. അതോടൊപ്പം അന്താരാഷ്ട്ര പ്രവർത്തന പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുകയും ചെയ്തു.

## II. ഐയുയു മത്സ്യബന്ധനത്തിന്റെ സ്വഭാവവും വ്യാപ്തിയും അന്താരാഷ്ട്ര പ്രവർത്തന പദ്ധതിയും

3. ഈ ലഘുപുസ്തകത്തിൽ ഉള്ളത്

3.1 നിയമവിരുദ്ധ മത്സ്യബന്ധനത്തെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ

3.1.1 ദേശീയ അല്ലെങ്കിൽ വിദേശ കപ്പലുകൾ ഒരു രാജ്യത്തിന്റെ അധികാര പരിധികളിൽ, ആ രാജ്യത്തിന്റെ അനുമതിയില്ലാതെ, അല്ലെങ്കിൽ അതിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി നടത്തുന്നത്.

3.1.2 പ്രസക്തമായ ഒരു പ്രാദേശിക മത്സ്യ സംരക്ഷണ സമിതിയിലെ കക്ഷികളായ രാജ്യങ്ങളുടെ പതാക വഹിക്കുന്ന കപ്പലുകൾ നടത്തുകയും എന്നാൽ ആ സംഘടന സ്വീകരിച്ച സംരക്ഷണത്തിനും പരിപാലന നടപടികൾക്കും വിരുദ്ധമായി പ്രർത്തിക്കുകയും അല്ലെങ്കിൽ ബാധകമായ അന്താരാഷ്ട്ര നിയമത്തിലെ പ്രസക്തമായ വ്യവസ്ഥകൾ; അഥവാ

3.1.3 ദേശീയ നിയമങ്ങളോ അന്താരാഷ്ട്ര ബാധ്യതകളോ ലംഘിക്കുന്ന പ്രസക്തമായ പ്രാദേശിക മത്സ്യസംരക്ഷണ സമിതിയുമായി സഹകരിക്കുന്ന രാജ്യങ്ങൾ.

3.2. വിവരങ്ങൾ അറിയിക്കാത്ത മത്സ്യബന്ധം സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ

3.2.1. ദേശീയ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി ബന്ധപ്പെട്ട ദേശീയ അധികാരിക്ക് വിവരം അറിയിക്കാതിരിക്കുകയോ, തെറ്റായി അറിയിക്കുകയോ ചെയ്യുക; അഥവാ

3.2.2. ബാധകമായ സംരക്ഷണമോ പരിപാലന നടപടികളോ ഇല്ലാത്ത സ്ഥലങ്ങളിൽ അല്ലെങ്കിൽ മത്സ്യ സംഭരണികളിൽ അന്താരാഷ്ട്ര നിയമ പ്രകാരം ജീവനുള്ള സമുദ്രവിഭവങ്ങൾ സംരക്ഷിക്കുന്നതിനുള്ള രാജ്യങ്ങളുടെ ഉത്തരവാദിത്വങ്ങൾക്ക് വിരുദ്ധമായ രീതിയിലാണ് മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നത്.

3.3 വിവരങ്ങൾ അറിയിക്കാത്ത മത്സ്യബന്ധനം സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ

3.3.1. ഒരു പ്രസക്തമായ പ്രാദേശിക മത്സ്യസംരക്ഷണസംഘടനയുടെ പരിധിയിൽ ദേശീയത വ്യക്തമാക്കാത്ത കപ്പലുകൾ നടത്തുന്ന അല്ലെങ്കിൽ ഈ

സംഘടനയിൽ ഉൾപ്പെടാത്ത് രാജ്യങ്ങളുടെ കപ്പലുകൾ അല്ലെങ്കിൽ ഒരു മത്സ്യബന്ധന സംരക്ഷണ സംഘടനയുടെ സംരക്ഷണ നടപടികൾ ലംഘിച്ചുകൊണ്ട്; അഥവാ

3.3.2. രാജ്യങ്ങളുടെ മത്സ്യസംരക്ഷണ നടപടികൾക്കും അന്താരാഷ്ട്ര നിയമങ്ങൾക്കും വിപരീതമായ രീതിയിൽ മത്സ്യബന്ധനം നടത്തുന്ന പ്രദേശങ്ങളിൽ അല്ലെങ്കിൽ ബാധകമായ സംരക്ഷണ പരിപാലന നടപടികൾ ഇല്ലാത്ത മത്സ്യസ്രോതസ്സുകളുമായി ബന്ധപ്പെട്ട;

3.4 ഖണ്ഡിക 3.3ൽ ഉണ്ടായിരുന്നിട്ടും ചിലപ്പോൾ നിയന്ത്രണമില്ലാത്ത മത്സ്യബന്ധനം ബാധകമായ അന്താരാഷ്ട്ര നിയമത്തിന്റെ ലംഘനമല്ലാത്ത രീതിയിൽ നടക്കാം, കൂടാതെ അന്താരാഷ്ട്ര സംരക്ഷണപദ്ധതി (ഐപിഒഎ) പ്രകാരം വിഭാവനം ചെയ്യുന്ന നടപടികളുടെ പ്രയോഗം അവിടെ ആവശ്യമായി വരുകയുമില്ല.

4. ഐപിഒഎ സ്വമേധയാ അവലംബിക്കേണ്ടതാണ്. ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള എഫ്എഒ പെരുമാറ്റ ചട്ടത്തിന്റെ ചട്ടം 2 (ഡി) ഇത് വിശദീകരിച്ചിട്ടുമുണ്ട്.

5. ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള എഫ്എഒ പെരുമാറ്റച്ചട്ടം, പ്രത്യേകിച്ചും ആർട്ടിക്കിൾ 1.1, 1.2, 3.1, 3.2 എന്നിവ ഐപിഒഎയുടെ വ്യാഖ്യാനത്തിനും പ്രയോഗത്തിനും മറ്റ് അന്താരാഷ്ട്ര നിയമങ്ങളുമായുള്ള ബന്ധത്തിനു ബാധകമാണ്. പെരുമാറ്റച്ചട്ടത്തിൽ സൂചിപ്പിച്ചതുപോലെ മത്സ്യബന്ധന സ്ഥാപനങ്ങൾക്കും ഉചിതമായ രീതിയിൽ ഐപിഒഎ നിർദ്ദേശിക്കപ്പെടുന്നു. ഐപിഒഎ പ്രതികരിക്കുന്നത് നിർദ്ദിഷ്ട മത്സ്യബന്ധന പ്രശ്നങ്ങളോടാണ്, അതിൽ മറ്റ് രാജ്യങ്ങളുടെ നിലപാടുകളെ മുൻവിധിയോടെ പരിഗണിക്കുന്നില്ല.

6. ഈ പ്രമാണത്തിൽ:

(a) രാജ്യങ്ങളെക്കുറിച്ചുള്ള പരാമർശത്തിൽ പ്രാദേശിക സാമ്പത്തിക സംയോജന സംഘടനകൾ അവരുടെ കഴിവിനുള്ളിലെ കാര്യങ്ങളിൽ ഉൾപ്പെടുന്നു.

(b) ''റീജിയണൽ'' എന്ന പദത്തിൽ ഉചിതമായ രീതിയിൽ ഉപമേഖല ഉൾപ്പെടുന്നു.

(c) ''റീജിയണൽ ഫിഷറീസ് മാനേജ്മെന്റ് ഓർഗനൈസേഷൻ''എന്നതിന്റെ അർത്ഥം മത്സ്യസംരക്ഷണവും പരിപാലന നടപടികളും നടത്താൻ കഴിവുള്ള ഒരു അന്തർ സർക്കാർ മത്സ്യവ്യവസായ സ്ഥാപനം അല്ലെങ്കിൽ ക്രമീകരണം;

(d) ''സംരക്ഷണവും പരിപാലന നടപടികളും എന്നതിന്റെ അർത്ഥം അന്താരാഷ്ട്ര നിയമത്തിന്റെ പ്രസക്തമായ ഭാഗങ്ങൾക്ക് അനുസൃതമായി ഓന്നോ അതിലധികമോ ജീവനുള്ള സമുദ്ര വിഭവങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ;

(e) ''1982 യുഎൻ കൺവെൻഷൻ'' എന്ന പദം 1982 ഡിസംബർ 10 ലെ ഐക്യരാഷ്ട്രസഭയുടെ കടൽ നിയമത്തെക്കുറിച്ചുള്ള ഉടമ്പടിയെ സൂചിപ്പിക്കുന്നു;

(f) ''1993 എഫ്എഒ കംപ്ലയൻസ് എഗ്രിമെന്റ്'' എന്നത് 1993 നവംബർ 24 ന് എഫ്എഒ സമ്മേളനം അംഗീകരിച്ച പുറംകടലിലെ മത്സ്യബന്ധന കപ്പലുകളുടെ അന്താരാഷ്ട്ര സംരക്ഷണ പരിപാലന നടപടികളുമായി പൊരുത്തപ്പെടൽ പ്രോൽസാഹിപ്പിക്കുന്നതിനുള്ള കരാറിനെ സൂചിപ്പിക്കുന്നു.

(g) 1995 യുഎൻ ഫിഷ് സ്റ്റോക്സ് കരാർ എന്നത് പരന്നുകിടക്കുന്നതും വളരെദൂരം ദേശാടനം നടത്തുന്നതുമായ മത്സ്യസമ്പത്തുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ട് 1982 ഡിസംബർ 10 ലെ ഐക്യരാഷ്ട്രസഭയുടെ കടൽ നിയമം സംബന്ധിച്ച ഉടമ്പടി നടപ്പാക്കുന്നതിനുള്ള കരാർ ഒപ്പം.

(h) 'പെരുമാറ്റച്ചട്ടം' എന്ന പദം ഉത്തരവാദിത്വ മത്സ്യബന്ധനത്തിനുള്ള എഫ്എഒ പെരുമാറ്റച്ചട്ടത്തെ സൂചിപ്പിക്കുന്നു.

7. പെരുമാറ്റച്ചട്ടം നടപ്പാക്കാനുള്ള എല്ലാ രാജ്യങ്ങളുടെയും ഏറിയ പ്രതിബദ്ധതയാണ് ഈ പ്രമാണം.

## III ലക്ഷ്യവും തത്വങ്ങളും

8. ഐപിഒഎ യുടെ ലക്ഷ്യം എന്നാൽ എല്ലാ രാജ്യങ്ങളും അന്താരാഷ്ട്ര നിയമപ്രകാരം സ്ഥാപിതമായ പ്രാദേശിക മത്സ്യവ്യവസായ പരിപാലന സ്ഥാപനങ്ങൾ ഉൾപ്പടെ സമഗ്രവും ഫലപ്രദവും സുതാര്യവുമായ നടപടികളിലൂടെ ഐയുയു മത്സ്യബന്ധനം തടയുക, നിരുൽസാഹപ്പെടുത്തുക, ഇല്ലാതാക്കുക എന്നതാണ്.

9 ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഇല്ലാതാക്കുന്നതിനും ഐപിഒഎയിൽ താഴെ കൊടുത്തിരിക്കുന്ന തത്വങ്ങളും തന്ത്രങ്ങളും ഉൾക്കൊള്ളിക്കണം, വികസ്വരരാജ്യങ്ങളുടെ പ്രത്യേക ആവശ്യകതകൾക്ക് പെരുമാറ്റച്ചട്ടത്തിലെ വകുപ്പ് 5 അനുസരിച്ച് ഉചിതമായ പരിഗണന നൽകണം.

9.1. <u>**പങ്കാളിത്തവും ഏകോപനവും:**</u> പൂർണ്ണമായും ഫലപ്രദമാകുന്നതിനു നേരിട്ട് രാജ്യങ്ങളുമായി സഹകരിച്ച് അല്ലെങ്കിൽ പരോക്ഷമായി പ്രാദേശിക മത്സ്യവ്യവസായ പരിപാലന സ്ഥാപനങ്ങൾ വഴിയോ, മറ്റ് ഉചിതമായ അന്താരാഷ്ട്ര സംഘടനകൾ വഴിയോ അതുമല്ലെങ്കിൽ എഫ്എഒ വഴിയോ ഐപിഒഎ എല്ലാ രാജ്യങ്ങളും നടപ്പാക്കണം, ഫലപ്രദമായ ഏകോപനവും കൂടിയാലോചനയും ഐയുയു മത്സ്യബന്ധനം തടയുന്നതിനുള്ള വിവരങ്ങൾ മറ്റു രാജ്യങ്ങളുമായും അവിടങ്ങളിലെ പ്രാദേശിക, അന്താരാഷ്ട്ര സംഘടനകളുമായി പങ്കുവെക്കുകയാണ് ഐപിഒഎ വിജയകരമായി നടപ്പാക്കുന്നതിലെ ഒരു പ്രധാന ഘടകം. ഐയുയു മത്സ്യബന്ധനത്തെ നേരിടുന്നതിന് മത്സ്യവ്യവസായം, സാമുദായിക സംഘടനകൾ, സർക്കാരിതര സംഘടനകൾ എന്നിവയുൾപ്പടെയുള്ള മുഴുവൻ പങ്കാളികളുടെയും പങ്കാളിത്തം പ്രോൽസാഹിപ്പിക്കണം.

9.2. **<u>ഘട്ടം ഘട്ടമായുള്ള നടപ്പാക്കൽ</u>**: ഐെയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള നടപടികൾ ദേശീയ പ്രവർത്തന പദ്ധതികളുടെ ആദ്യഘട്ടത്തിലെ നടപ്പാക്കലിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം, കൂടാതെ പ്രാദേശികവും ആഗോളവുമായ നടപടികൾ ഐെപിഒഎക്ക് അനുസൃതമായിരിക്കണം.

9.3. **<u>സമഗ്രവും സംയോജിതവുമായ സമീപനം</u>**: ഐെയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള നടപടികൾ എല്ലാ മീൻപിടുത്ത വ്യവസായത്തെയും ബാധിക്കുന്ന ഘടകങ്ങളെ അഭിസംബോധന ചെയ്യണം. അത്തരമൊരു സമീപനം സ്വീകരിക്കുമ്പോൾ രാജ്യങ്ങൾ ലഭ്യമായ എല്ലാ അധികാരപരിധിയും ഉപയോഗിച്ച് അന്താരാഷ്ട്ര നിയമപ്രകാരം അതുപോലെ ആ രാജ്യവും അനുശാസിക്കുന്ന തീരദേശ നടപടികൾ, കമ്പോളവുമായി ബന്ധപ്പെട്ട നടപടികൾ അതുപോലെ ഐെയുയു മത്സ്യബന്ധനം പിൻതുണക്കുന്നില്ല അല്ലെങ്കിൽ അതിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇവയെല്ലാം നടപ്പാക്കാൻ സംസ്ഥാനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം ഉചിതമായ ഇടങ്ങളിൽ സഹകരിച്ച് സംയോജിതമായ രീതിയിൽ നടപടികൾ പ്രാബല്യത്തിൽ വരുത്തുന്നു എന്ന് ഉറപ്പാക്കുകയും വേണം. ഈ പ്രവർത്തന പദ്ധതി ഐെയുയു മത്സ്യബന്ധനത്തിന്റെ എല്ലാ സാമ്പത്തിക സാമൂഹിക പാരിസ്ഥിതികവുമായ ആഘാതങ്ങളെയും അഭിസംബോധന ചെയ്യുകയും വേണം.

9.4. **<u>സംരക്ഷണം</u>**: ഐെയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൽമൂലനം ചെയ്യുന്നതിനുമുള്ള നടപടികൾ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും ദീർഘകാല സുസ്ഥിര ഉപയോഗത്തിനും അതുപോലെ സ്രോതസ്സുകളുടെയും പരിസ്ഥിതിയുടെ സംരക്ഷണത്തിനും അനുസൃതമായ രീതിയിലായിരിക്കണം.

9.5 **<u>സുതാര്യത</u>**: ഐെപിഒഎ പെരുമാറ്റച്ചട്ടത്തിലെ 6.13 വകുപ്പ് അനുസരിച്ച് സുതാര്യമായി നടപ്പാക്കണം.

9.6 **<u>വിവേചനരഹിതം</u>**: ഐെപിഒഎ ഏതെങ്കിലും സംസ്ഥാനത്തിനോ മത്സ്യബന്ധന കപ്പലുകൾക്കോ രൂപത്തിലോ കാര്യത്തിലോ വിവേചനമില്ലാത്ത രീതിയിൽ വേണം നിർമ്മിക്കാനും നടപ്പാക്കാനും.

## IV ഐെയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഉൻമൂലനം ചെയ്യുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കൽ

### എല്ലാ രാജ്യങ്ങളുടെയും ഉത്തരവാദിത്വങ്ങൾ

### *അന്താരാഷ്ട്ര രേഖകൾ*

10. 1982 ലെ ഐെക്യരാഷ്ട്ര സഭയുടെ ഉടമ്പടി പ്രകാരം എല്ലാ രാജ്യങ്ങളും അന്താരാഷ്ട്ര നിയമത്തിന്റെ പ്രസക്തമായ മാനദണ്ഡങ്ങൾ ഐെയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഉൻമൂലനം ചെയ്യുന്നതിനും പൂർണ്ണമായും പ്രാബല്യത്തിൽ വരുത്തണം.

11. 1982ലെ ഐക്യരാഷ്ട്ര സഭയുടെ ഉടമ്പടി, 1995ലെ മത്സ്യസ്രോതസ്സുകൾ അംഗീകരിക്കുന്ന കരാറും 1993ലെ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ അനുവർത്തന കരാറും മുൻഗണനാ വിഷയമായി അംഗീകരിക്കുന്നതിനും, സ്വീകരിക്കുന്നതിനും അതുപോലെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി രാജ്യങ്ങളെ പ്രോൽസാഹിപ്പിക്കുന്നു. ഈ പ്രസക്തമായ അന്തർദേശീയ രേഖകൾക്ക് അംഗീകാരം നൽകുകയോ, സ്വീകരിക്കുകയോ അനുമതി നൽകുകയോ, ചെയ്യാത്ത രാജ്യങ്ങൾക്ക് ഈ ഉപകരണങ്ങളുമായി പൊരുത്തപ്പെടാത്ത രീതിയിൽ പ്രവർത്തിക്കരുത്.

12. രാജ്യങ്ങൾ സമ്മതിച്ചതും, അംഗീകരിച്ചതും അനുമതി നൽകിയതോ ആയ എല്ലാ പ്രസക്തമായ അന്താരാഷ്ട്ര രേഖകളും പൂർണ്ണമായും ഫലപ്രദമായും നടപ്പാക്കേണ്ടതാണ്.

13. രാജ്യങ്ങളുടെ അന്താരാഷ്ട്ര നിയമപ്രകാരമുള്ള അവകാശങ്ങളെയോ, ബാധ്യതകളെയോ ഐപിഒഎയിലെ ഒന്നും ബാധിക്കുന്നില്ല അല്ലെങ്കിൽ ബാധിക്കുന്നു എന്ന് വ്യാഖ്യാനിക്കുകയോ അരുത്. 1995ലെ ഐക്യരാഷ്ട്ര മത്സ്യസ്രോതസ്സ് കരാറിലും 1993ലെ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ പാലിക്കൽ കരാർ പ്രകാരമോ ആ രേഖകളിൽ കക്ഷിയായിട്ടുള്ള രാജ്യങ്ങളുടെ അവകാശങ്ങളെയോ, ബാധ്യതകളെയോ, ഒന്നും ഐപിഒഎ ബാധിക്കുന്നില്ല അല്ലെങ്കിൽ ബാധിക്കുന്നു എന്ന് വ്യാഖ്യാനിക്കുകകയോ അരുത്.

14. പെരുമാറ്റച്ചട്ടവും അതുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര പദ്ധതികളും രാജ്യങ്ങൾ പൂർണ്ണമായും ഫലപ്രദമായും നടപ്പിൽ വരുത്തണം.

15. പ്രസക്തമായ പ്രാദേശിക മത്സ്യ പരിപാലന സംഘടനകൾ നിയന്ത്രിക്കാത്ത പുറം കടലിൽ മത്സ്യബന്ധനം നടത്തുന്ന രാജ്യങ്ങൾ 1982 ലെ ഐക്യരാഷ്ട്ര സഭയുടെ ഉടമ്പടി ഭാഗം ഏഴ് പ്രകാരമുള്ള പുറം കടലിലെ മത്സ്യസമ്പത്തുക്കളുടെ സംരക്ഷണത്തിനുള്ള ബാദ്ധ്യതകൾ പൂർണ്ണമായും നടപ്പിൽ വരുത്തണം.

***ദേശീയ നിയമനിർമ്മാണം***

**<u>നിയമനിർമ്മാണം</u>**

16. ഐയുയു മത്സ്യബന്ധനത്തിന്റെ എല്ലാ വശങ്ങളെയും ഫലപ്രദമായി അഭിസംബോധന ചെയ്തുകൊണ്ടായിരിക്കണം ദേശീയ നിയമനിർമ്മാണം.

17. വ്യക്തമായ മാനദണ്ഡങ്ങളും ഒപ്പം ഇലക്ട്രോണിക് തെളിവുകളും പുതിയ സാങ്കേതിക വിദ്യകളും ഉൾപ്പടെ മറ്റ് പലതും പരിഗണിച്ചുകൊണ്ടായിരിക്കണം ദേശീയ നിയമ നിർമ്മാണം.

**<u>ജനതയുടെ മേൽ രാഷ്ട്രത്തിന്റെ നിയന്ത്രണം</u>**

18. 1982 ലെ ഐക്യരാഷ്ട്ര സഭയുടെ ഉടമ്പടിയിലെ പ്രസക്തമായ വ്യവസ്ഥകളുടെ വെളിച്ചത്തിൽ രാജ്യത്തിന്റെ പ്രാഥമിക ഉത്തരവാദിത്വത്തിന് മുൻവിധികളില്ലാതെ ഓരോ രാജ്യവും സാധ്യമായ നടപടികൾ കൈക്കൊള്ളുകയും തങ്ങളുടെ അധികാര പരിധിക്ക് വിധേയരായ പൗരൻമാർ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുകയോ അതിനെ പിൻതുണക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണം. ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെ

അല്ലെങ്കിൽ അവരുടെ കപ്പലുകളെ, ഉടമകളെ അല്ലെങ്കിൽ നടത്തിപ്പുകാരെ തിരിച്ചറിയാൻ എല്ലാ രാജ്യങ്ങളും സഹകരിക്കണം.

19. പതാക ഉത്തരവാദിത്വങ്ങൾ പാലിക്കാത്ത ഒരു രാജ്യത്തിന്റെ അധികാര പരിധിയിൽ മത്സ്യബന്ധന കപ്പലുകൾ ഫ്ളാഗുചെയ്യുന്നതിൽ നിന്ന് രാജ്യങ്ങൾ അവരുടെ പൗരൻമാരെ നിരുൽസാഹപ്പെടുത്തണം

**<u>ദേശീയതയില്ലാത്ത കപ്പലുകൾ</u>**

20. പുറംകടലിൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ദേശീയതയില്ലാത്ത കപ്പലുകൾക്കെതിരെ അന്താരാഷ്ട്ര നിയമത്തിന് അനുസൃതമായി നടപടികൾ കൈക്കൊള്ളാൻ രാജ്യങ്ങൾ തയ്യാറാകണം.

**<u>ഉപരോധങ്ങൾ</u>**

21. രാജ്യങ്ങൾ അതിന്റെ അധികാര പരിധിയിൽ ഐയുയു മത്സ്യബന്ധനത്തിലേർപ്പെടുന്ന കപ്പലുകൾക്കും പൗരൻമാർക്കുമെതിരെ സാധ്യമായ രീതിയിൽ ശക്തമായും ഫലപ്രദമായും ഉപരോധം ഏർപ്പെടുത്തേണ്ടതും അത്തരം മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ കുറ്റവാളികൾക്ക് പ്രയോജനപ്പെടുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതുമാണ്. നിയമപ്രകാരമുള്ള പിഴ ശിക്ഷയെ അടിസ്ഥാനമാക്കി ക്രിമിനൽ വിഭാഗത്തിൽപ്പെടാത്ത ഉപരോധം ഏർപ്പെടുത്താവുന്നതാണ്. രാജ്യങ്ങൾ സ്ഥിരവും സുതാര്യവുമായ ഐയുയു മത്സ്യബന്ധന ഉപരോധം ഉറപ്പാക്കേണ്ടതാണ്.

**<u>സഹകരിക്കാത്ത രാജ്യങ്ങൾ</u>**

22. സഹകരിക്കാത്ത രാജ്യങ്ങളുടെ ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും, ഉൻമൂലനം ചെയ്യുന്നതിനുവേണ്ടി പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ അന്താരാഷ്ട്ര നിയമം അനുശാസിക്കുന്ന സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

**<u>സാമ്പത്തിക പ്രോൽസാഹനങ്ങൾ</u>**

23. ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന വ്യക്തികൾക്കും, കപ്പലുകൾക്കും, കമ്പനികൾക്കും സബ്സിഡി ഉൾപ്പെടെയുള്ള സാമ്പത്തിക പിൻതുണ നൽകുന്നത് രാജ്യങ്ങൾ അവരുടെ ദേശീയ നിയമത്തിൽ സാധ്യമാകുന്നിടത്തോളം ഒഴിവാക്കേണ്ടതാണ്.

**<u>നിരീക്ഷണം, നിയന്ത്രണം, മേൽനോട്ടം</u>**

24. മത്സ്യബന്ധനം ആരംഭിക്കുന്നതുമുതൽ, ഇറങ്ങുന്ന കടവിലൂടെ അവസാന ലക്ഷ്യസ്ഥാനത്ത് എത്തുന്നതുവരെ രാജ്യങ്ങൾ സമഗ്രവും ഫലപ്രദവുമായ നിരീക്ഷണവും, നിയന്ത്രണവും, മേൽനോട്ടവും (MCS) നടത്തേണ്ടതാണ്.

24.1 ജലാശയങ്ങളിലേക്കും, മത്സ്യ സ്രോതസ്സുകളിലേക്കും അതുപോലെ മത്സ്യബന്ധന പ്രവേശനാനുമതി നൽകുന്നതിനുമുള്ള പദ്ധതികൾ നിർമ്മിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

24.2 എല്ലാ കപ്പലുകളുടെയും അവയുടെ നിലവിലുള്ള ഉടമസ്ഥരുടെയും നടത്തിപ്പുകാരുടെയും തങ്ങളുടെ അധികാരപരിധിക്ക് വിധേയമായി മത്സ്യബന്ധനം നടത്താൻ അധികാരമുള്ള രേഖകൾ സൂക്ഷിക്കുന്നു.

24.3 ഉചിതമായ ഇടങ്ങളിൽ നടപ്പിലാക്കുന്നത്, ഒരു കപ്പൽ നിരീക്ഷണ സംവിധാനം (VMS) പ്രസക്തമായ ദേശീയ, പ്രദേശിക അല്ലെങ്കിൽ അന്തർദ്ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി തങ്ങളുടെ അധികാര പരിധിയിലുള്ള കപ്പലുകളിൽ VMS കൊണ്ടുപോകാനുള്ള ആവശ്യകത അനുസരിച്ച്.

24.4 ഉചിതമായ സ്ഥലങ്ങളിൽ നടപ്പാക്കുന്നത്, നിരീക്ഷക പദ്ധതികൾ പ്രസക്തമായ ദേശീയ പ്രാദേശിക അല്ലെങ്കിൽ അന്തർദ്ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി തങ്ങളുടെ അധികാര പരിധിയിലുള്ള കപ്പലുകളിൽ നിരീക്ഷകരെ കയറ്റാനുള്ള ആവശ്യകത അനുസരിച്ച്.

24.5 എംസിഎസിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ വ്യക്തികൾക്കും പരിശീലനവും വിദ്യാഭ്യാസവും നൽകുന്ന പ്രവർത്തനങ്ങൾ.

24.6 ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള എംസിഎസ് പ്രവർത്തനങ്ങളുടെ ആസൂത്രണം, ധനസഹായം.

24.7 വ്യവസായ പരിജ്ഞാനവും ആവശ്യകതയെക്കുറിച്ചുള്ള ഗ്രാഹ്യവും പ്രോൽസാഹിപ്പിക്കുക, ഒപ്പം ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള എംസിഎസ് പ്രവർത്തനങ്ങളിൽ അവരുടെ സഹകരണവും പങ്കാളിത്തവും പ്രോൽസാഹിപ്പിക്കുക.

24.8 ദേശീയ നീതിന്യായ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് എംസിഎസ് പ്രശ്നങ്ങളെക്കുറിച്ചുള്ള അറിവും, ധാരണയും പ്രോൽസാഹിപ്പിക്കുക.

24.9 എംസിഎസ് ഡാറ്റയുടെ ശേഖരണം, സംഭരണം, പ്രചരണം എന്നീ ആവശ്യത്തിനായുള്ള സംവിധാനങ്ങൾ, ബാധകമായ രഹസ്യാത്മകത കണക്കിലെടുത്തുകൊണ്ട് സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

24.10 ഉചിതമായ ഇടത്ത് അന്തർദ്ദേശീയമായി അംഗീകരിച്ച ബോർഡിംഗ്, പരിശോധനാ വ്യവസ്ഥകൾക്ക് അനുസൃതമായി അന്താരാഷ്ട്ര നിയമം കപ്പിത്താൻമാരുടെയും, പരിശോധനാ ഉദ്യോഗസ്ഥർമാരുടെയും അവകാശങ്ങളും കടമകളും തിരിച്ചറിയുന്നു. 1995 ലെ ഐക്യരാഷ്ട്ര സഭയുടെ മത്സ്യസ്രോതസ്സ് കരാർ പോലുള്ള അന്താരാഷ്ട്ര കരാർ ആ കക്ഷികൾക്ക് മാത്രം ബാധകമാണ്.

## *ദേശീയ പ്രവർത്തന പദ്ധതികൾ*

25. ഐപിഒഎ അംഗീകരിച്ച് മൂന്ന് വർഷത്തിനുള്ളിലായി രാജ്യങ്ങൾ എത്രയും വേഗം ദേശീയ പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുകയും നടപ്പാക്കുകയും വേണം. ഐപിഒഎ യുടെ ലക്ഷ്യങ്ങൾ മുഴുവനായി നേടുകയും അതിന്റെ വ്യവസ്ഥകൾ പൂർണ്ണമായി പ്രാബല്യത്തിൽ വരുത്തുകയും ചെയ്യുന്നതിനായി മത്സ്യപരിപാലന പദ്ധതികളുടെയും അതുപോലെ ബജറ്റിന്റെയും അവിഭാജ്യ ഘടകമായി മാറ്റുകയും വേണം. ഈ പദ്ധതികളിൽ ഉചിതമായ രീതിയിൽ പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നടപടികളും ഉൾപ്പെടുത്തണം. അങ്ങനെ ചെയ്യുമ്പോൾ രാജ്യങ്ങൾ, വ്യവസായങ്ങൾ, മത്സ്യബന്ധന സമൂഹങ്ങൾ, സർക്കാരിതര സംഘടനകൾ ഉൾപ്പെടെ താൽപര്യമുള്ള എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തവും ഇടപെടലും പ്രോൽസാഹിപ്പിക്കണം.

26. അവരുടെ ദേശീയ പദ്ധതികൾ അംഗീകരിച്ചതിനുശേഷം കുറഞ്ഞത് നാല് വർഷത്തിലൊരിക്കൽ ആ പദ്ധതികളുടെ പ്രവർത്തനം രാജ്യങ്ങൾ അവലോകനം ചെയ്യേണ്ടതാണ്. ചിലവ്കുറഞ്ഞ മാർഗ്ഗങ്ങളിലൂടെ അവയുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിന് ഐപിഒഎ യുടെ ആറാം ഭാഗം പ്രകാരം ലോക ഭക്ഷ്യ കാർഷിക സംഘടനയെ വിവരം അറിയിക്കാനുള്ള ബാദ്ധ്യത ഇതിൽ അടങ്ങിയിരിക്കുന്നു.

27. ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള ദേശീയ ശ്രമങ്ങൾ ആന്തരികമായി ഏകോപിച്ചിരിക്കുന്നു എന്ന് രാജ്യങ്ങൾ ഉറപ്പാക്കണം.

## *രാജ്യങ്ങൾ തമ്മിലുള്ള സഹകരണം*

28. ഐയുയു മീൻപിടുത്തം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും രാജ്യങ്ങൾ അവരുടെ പ്രവർത്തനങ്ങൾ ഉചിതവും പ്രസക്തവുമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ വഴി ഏകോപിപ്പിക്കുകയും നേരിട്ട് സഹകരിക്കുകയും വേണം. രാജ്യങ്ങൾ പ്രത്യേകിച്ചും:

28.1 മത്സ്യബന്ധനത്തിന് രാജ്യങ്ങൾ അധികാരപ്പെടുത്തിയ കപ്പലുകളിൽനിന്ന് വസ്തുതകൾ അല്ലെങ്കിൽ വിവരങ്ങൾ അംഗീകൃതമായ രൂപത്തിൽ ബാധകമായ രഹസ്യാത്മക ആവശ്യകതകൾ പാലിച്ചുകൊണ്ട് കൈമാറ്റം ചെയ്യേണ്ടതാണ്.

28.2 മീൻപിടുത്തത്തിൽ നിന്നുള്ള പ്രസക്തമായ വസ്തുതകളും വിവരങ്ങളും ഫലപ്രദമായി ഏറ്റെടുക്കുന്നതിനും, പരിപാലിക്കുന്നതിനും, സ്ഥിതീകരണത്തിനും എല്ലാവരുമായി സഹകരിക്കുക.

28.3 ഐയുയു മത്സ്യബന്ധനത്തെ കുറിച്ച് അന്വേഷണം നടത്തുകയും അത് നിർത്തലാക്കാൻ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുമായി അത്തരം മത്സ്യബന്ധനത്തെപ്പറ്റിയുള്ള വസ്തുതകളും വിവരങ്ങളും ശേഖരിക്കുന്നതിലും, സൂക്ഷിക്കുന്നതിലും മറ്റുമായി രാജ്യങ്ങൾ സഹകരിക്കേണ്ടതാണ്.

28.4 വൈദഗ്ധ്യവും സാങ്കേതിക വിദ്യകളും കൈമാറുന്നതിൽ സഹകരിക്കുക.

28.5 നയങ്ങളും നടപടികളും അനുയോജ്യമാക്കാൻ സഹകരിക്കുക.

28.6 മറ്റു പലതിന്റെയും കൂട്ടത്തിൽ ഐയുയു മത്സ്യബന്ധനത്തിനെതിരെ വേഗത്തിലുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതുമായി സഹകരിക്കുക, ഒപ്പം

28.7 അന്താരാഷ്ട്ര കരാറുകളിലൂടെ നിരീക്ഷണം, നിയന്ത്രണം, മേൽനോട്ടം എന്നിവയിൽ സഹകരിക്കുക.

29. 1993 ലെ ലോക ഭക്ഷ്യ കാർഷിക സംഘടനയുടെ പാലിക്കൽ കരാറിന്റെ ചട്ടം ആറിന്റെ വെളിച്ചത്തിൽ കപ്പൽ രേഖയാക്കിയിട്ടുള്ള രാജ്യങ്ങൾ എഫ്എയ്ക്കും മറ്റു രാജ്യങ്ങൾക്കും പ്രസക്തമായ പ്രാദേശിക അല്ലെങ്കിൽ അന്തർദ്ദേശീയ സംഘടനകൾ കപ്പലിനെക്കുറിച്ചുള്ള വിവരങ്ങൾ അവരുടെ രേഖകളിൽ നിന്ന് നീക്കംചെയ്യുക അല്ലെങ്കിൽ മത്സ്യബന്ധനത്തിനുള്ള അവരുടെ അംഗീകാരം റദ്ദാക്കി കൂടാതെ സാധ്യമായ പരിധിവരെ, അതിന്റെ കാരണങ്ങളും

30. പ്രാരംഭവും ഔപചാരികവുമായ ബന്ധപ്പെടാനുള്ള സ്ഥലങ്ങൾ ഓരോ രാജ്യവും പ്രാദേശിക അല്ലെങ്കിൽ അന്താരാഷ്ട്ര സംഘടനകൾ നാമനിർദ്ദേശം ചെയ്യുകയും പരസ്യപ്പെടുത്തുകയും, വിവരങ്ങൾ സുഗമമായി കൈമാറ്റം ചെയ്യുന്നതുമായി സഹകരിക്കുകയും വേണം.

31. മത്സ്യബന്ധന കപ്പലുകളുടെ ഉടമരാജ്യങ്ങൾ മറ്റു രാജ്യങ്ങളുമായി സഹകരിച്ച് കരാറുകളിലോ, ക്രമീകരണങ്ങളിലോ പ്രവേശിക്കുന്നത് പരിഗണിക്കണം. അതുപോലെ ബാധകമായ നിയമങ്ങളും സംരക്ഷണ നടപടികളും നടപ്പിലാക്കുന്നതിനും അല്ലെങ്കിൽ പ്രാദേശിക, ദേശീയ, ആഗോളതലത്തിൽ അംഗീകരിച്ച വ്യവസ്ഥകൾ നടപ്പാക്കുന്നതിന് മറ്റു രാജ്യങ്ങളുമായി സഹകരിക്കുക.

***പ്രചരണം***

32. രാജ്യങ്ങൾ മറ്റുരാജ്യങ്ങളുമായി സഹകരിച്ച് ഐയുയു മത്സ്യബന്ധനത്തിന്റെ പൂർണ്ണ വിശദാംശങ്ങളും അത് ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികളും, രഹസ്യമായി സൂക്ഷിക്കേണ്ടതൊഴിച്ച്, വ്യാപകമായി പ്രചരിപ്പിക്കണം

***സാങ്കേതികശേഷിയും ഉപാധികളും***

33. ഐപിഒഎ നടപ്പിലാക്കാൻ ആവശ്യമായ സാങ്കേതികശേഷി ലഭ്യമാക്കാൻ സംസ്ഥാനങ്ങൾ ശ്രമിക്കണം. ഇതിൽ പ്രാദേശിക, ദേശീയ അല്ലെങ്കിൽ ആഗോളതലത്തിൽ പ്രത്യേക മൂലധന ശേഖരണം ഉൾപ്പെടുത്തണം. ഇക്കാര്യത്തിൽ അന്താരാഷ്ട്ര സഹകരണത്തിന് ഒരു പ്രധാന പങ്ക് വഹിക്കേണ്ടതുണ്ട്.

## കപ്പൽ രേഖചെയ്ത രാജ്യങ്ങളുടെ (Flag State) ഉത്തരവാദിത്വങ്ങൾ

***മത്സ്യബന്ധന കപ്പലുകളുടെ രേഖചെയ്യൽ***

34. പതാക ഉയർത്താൻ അവകാശമുള്ള മത്സ്യബന്ധന കപ്പലുകൾ ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെടുകയോ, പിന്തുണയ്ക്കുകയോ ചെയ്യുന്നില്ലെന്ന് രാജ്യങ്ങൾ ഉറപ്പാക്കണം.

35. രാജ്യങ്ങൾ കപ്പൽ രേഖചെയ്യുന്നതിനുമുമ്പായി ആ കപ്പൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിൽനിന്ന് പൂർണ്ണമായി തടയാൻ പറ്റുമെന്ന് ഉറപ്പാക്കേണ്ടതാണ്.

36. കപ്പൽരേഖ ചെയ്യുന്ന രാജ്യങ്ങൾ പൊരുത്തപ്പെടാത്ത ചരിത്രമുള്ള കപ്പലുകൾ രേഖചെയ്യുന്നത് ഒഴിവാക്കണം, താഴെ കൊടുത്തിരിക്കുന്നിടത്തൊഴികെ.

36.1 കപ്പലിന്റെ ഉടമസ്ഥാവകാശം പിന്നീട് മാറുകയും മുമ്പത്തെ ഉടമയ്ക്ക് അല്ലെങ്കിൽ നടത്തിപ്പുകാരന് ഇനി നിയമപരമോ, പ്രയോജനകരമോ, സാമ്പത്തികമോ ആയ താൽപര്യമോ നിയന്ത്രണമോ ആ കപ്പലിന്റെ കാര്യത്തിൽ ഇല്ല, അഥവാ

36.2 പ്രസക്തമായ എല്ലാ വസ്തുതകളും കണക്കിലെടുത്ത് കപ്പൽ രേഖചെയ്യുന്നത് ഐയുയു മീൻപിടുത്തത്തിന് കാരണമാകില്ല എന്ന് രേഖചെയ്യാൻ നിയുക്തമായ രാജ്യം തീരുമാനിക്കുന്നു.

37. കപ്പൽ രേഖചെയ്യുന്ന രാജ്യം ഉൾപ്പെടെ ഒരു കപ്പൽ വാടകയ്ക്കെടുക്കുന്ന ക്രമീകരണത്തിൽ (chartering) ഏർപ്പെട്ടിരിക്കുന്ന ഒരു കപ്പലും അവയുടെ അധികാര പരിധിക്കുള്ളിൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

38. കപ്പൽ രേഖചെയ്യുന്ന രാജ്യങ്ങൾ ദേശീയ, പ്രാദേശിക അല്ലെങ്കിൽ ആഗോളതലത്തിൽ അംഗീകരിച്ച സംരക്ഷണ പരിപാലന നടപടികളും വ്യവസ്ഥകളും പാലിക്കാത്ത കപ്പലുകളെ വീണ്ടും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതിൽ നിന്ന് പിന്തിരിപ്പിക്കണം. കപ്പൽ ഉടമകൾ അവരുടെ കപ്പലുകൾ മറ്റ് രാജ്യങ്ങളിലേക്ക് റീഫ്ളാഗ് ചെയ്യുന്നതിനുള്ള പ്രോൽസാഹനങ്ങൾ ഒഴിവാക്കാൻ രാജ്യങ്ങൾ കഴിയുന്നത്ര സമാനമായ മാനദണ്ഡങ്ങളും പ്രവർത്തികളും സ്വീകരിക്കേണ്ടതാണ്.

39. ''ഫ്ളാഗ് ഹോപ്പിംഗ്'' അതായത് മത്സ്യ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള നടപടികളും വ്യവസ്ഥകളും പാലിക്കുന്നത് ഒഴിവാക്കാനായി വേഗത്തിലും ആവർത്തിച്ചുള്ളതുമായ കപ്പലിന്റെ പതാക മാറ്റുന്നരീതി അവലംബിക്കുന്ന കപ്പലുകളുടെ മത്സ്യബന്ധനത്തിനുള്ള അംഗീകാരം തടയുന്നതോടൊപ്പം ആ രാജ്യത്തിന്റെ പതാക പറത്താനുള്ള അവകാശം വരെ നിരസിക്കുന്നതുൾപ്പടെ പ്രായോഗികമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

40. കപ്പൽ രേഖചെയ്യുന്നതും മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുന്നതും പ്രത്യേക കാര്യങ്ങളാണെങ്കിലും ഓരോന്നിനും മറ്റുള്ളവ ഉചിതമായ പരിഗണന നൽകുന്നുവെന്ന് പതാക രാജ്യങ്ങൾ ഉറപ്പാക്കേണ്ടതാണ്.

പതാക രാജ്യങ്ങൾ അവർ രേഖ ചെയ്ത കപ്പലുകൾ തമ്മിൽ ഉചിതമായ ബന്ധം ഉറപ്പാക്കുന്നതോടൊപ്പം ഇതിൽ നിന്ന് മാറി നിൽക്കുന്ന കപ്പലുകളുടെ വിവരങ്ങൾ സൂക്ഷിക്കുകയും വേണം. എവിടെയാണ് അത്തരം പ്രവർത്തനങ്ങൾ നടക്കാത്തത് അവിടെ ഉത്തരവാദിത്വമുള്ള വിവിധ പ്രവർത്തന സംഘങ്ങൾ തമ്മിലുള്ള സഹകരണവും വിവരങ്ങൾ പങ്കുവെക്കലും നടക്കുന്നുവെന്ന് രാജ്യങ്ങൾ മതിയായ ഉറപ്പ് നൽകേണ്ടതാണ്.

41. ഒരു മത്സ്യബന്ധന കപ്പൽ നിബന്ധനകളോടെ രേഖചെയ്യാനുള്ള തീരുമാനം എടുക്കാൻ ഒരു പതാകരാജ്യം പരിഗണിക്കുമ്പോൾ അതിന്റെ അധികാര പരിധിയിലുള്ള സമുദ്രത്തിൽ അല്ലെങ്കിൽ പുറംകടലിൽ മത്സ്യബന്ധനത്തിനുള്ള അനുമതി കപ്പലിന് നൽകാൻ തയ്യാറാകുമ്പോൾ അഥവാ ഒരു തീരദേശരാജ്യം മത്സ്യബന്ധനത്തിനുള്ള അംഗീകാരം നൽകിയാൽ കപ്പൽ ആ പതാകരാജ്യത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കണം.

### ***മത്സ്യബന്ധന കപ്പലുകളുടെ രേഖകൾ* (records)**

42. ഓരോ പതാക രാജ്യവും പതാക പറത്താൻ അവകാശമുള്ള മത്സ്യബന്ധന കപ്പലുകളുടെ രേഖകൾ സൂക്ഷിക്കണം. ഓരോ പതാക രാജ്യത്തിന്റെയും മത്സ്യബന്ധന കപ്പലുകളെക്കുറിച്ചുള്ള രേഖകളിൽ 1993 ലെ പാലിക്കൽ കരാറിന്റെ ചട്ടം ആറിലെ 1ഉം 2ഉം ഖണ്ഡികളിൽ പറഞ്ഞിരിക്കുന്ന പുറംകടലിൽ മത്സ്യബന്ധനത്തിന് അനുമതിയുള്ള കപ്പലുകളുടെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം, കൂടാതെ മറ്റു പലതിന്റെയും കൂട്ടത്തിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളും ഉണ്ടായിരിക്കണം.

42.1 എന്തെങ്കിലും ഉണ്ടെങ്കിൽ അറിയാമെങ്കിൽ മുമ്പത്തെ പേരുകൾ

42.2 സ്വാഭാവികം അല്ലെങ്കിൽ നിയമപരമായ കപ്പൽ രേഖചെയ്ത വ്യക്തിയുടെ പേര്, വിലാസം, രാജ്യം

42.3 പേര്, തെരുവ്, വിലാസം, തപാൽ വിലാസം, കപ്പലിന്റെ സ്വാഭാവിക പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയമപരമായ ഉത്തരവാദപ്പെടുത്തിയ വ്യക്തികളുടെ രാജ്യം

42.4 പേര്, തെരുവ് വിലാസം, തപാൽ വിലാസം, സ്വാഭാവിക രാജ്യം അല്ലെങ്കിൽ കപ്പലിന്റെ പ്രയോജനകരമായ ഉടമസ്ഥാവകാശമുള്ള നിയമപരമായ വ്യക്തികൾ

42.5 കപ്പലിന്റെ പേരും ഉടമസ്ഥാവകാശ ചരിത്രവും, ഇത് അറിയപ്പെടുന്നിടത്ത്, ദേശീയ നിയമങ്ങൾക്കനുസൃതമായി പ്രാദേശിക, ദേശീയ അല്ലെങ്കിൽ ആഗോളതലത്തിൽ സ്വീകരിച്ച സംരക്ഷണ പരിപാലന നടപടികളും വ്യവസ്ഥകളും പാലിക്കാത്തതിന്റെ ചരിത്രം, ഒപ്പം

42.6. കപ്പലിന്റെ അളവുകൾ, ഉചിതമായ ഇടങ്ങളിൽ, രേഖചെയ്യുന്ന സമയത്ത്, അല്ലെങ്കിൽ ഏറ്റവും പുതിയ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ സമയത്ത് എടുത്ത കപ്പലിന്റെ ഒരു ഭാഗത്തിന്റെ ആകൃതി (profile)കാണിക്കുന്ന ചിത്രം.

43. പുറംകടലിൽ മത്സ്യബന്ധനത്തിന് അംഗീകാരമില്ലാത്ത കപ്പലുകളുടെ വിവരങ്ങൾ ഖണ്ഡിക 4.2ൽ പതാക രാജ്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

***മത്സ്യബന്ധനത്തിനുള്ള അനുമതി***

44. അംഗീകാരമില്ലെങ്കിൽ ഒരു കപ്പലും മത്സ്യബന്ധനം നടത്തുന്നില്ല എന്ന് രാജ്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം, പ്രത്യേകിച്ചും ഐക്യരാഷ്ട്രസഭയുടെ 1982 ലെ ഉടമ്പടിയിലെ വകുപ്പ് 116, 117 ൽ പറഞ്ഞിരിക്കുന്ന അവകാശങ്ങളും, കടമകളും പ്രകാരം അല്ലെങ്കിൽ പ്രദേശത്തിന്റെ അധികാര പരിധിയിൽ ദേശീയ നിയമങ്ങൾക്ക് അനുസൃതമായി.

45. ഒരു രാജ്യത്ത് രേഖ ചെയ്ത കപ്പലുകൾ ആ രാജ്യത്തിന്റെ പരമാധികാരമുള്ള സ്ഥലത്തോ അധികാര പരിധിക്ക് പുറത്തോ മത്സ്യബന്ധനം നടത്തുമ്പോൾ ആ പതാകരാജ്യം നൽകിയ മത്സ്യബന്ധനത്തിനുള്ള അനുമതി എല്ലാ കപ്പലുകളും കൈവശം വച്ചിട്ടുണ്ടെന്ന് പതാകരാജ്യം ഉറപ്പാക്കേണ്ടതാണ്. ഒരു കപ്പലിന് തീരദേശ രാജ്യം നൽകുന്ന മത്സ്യബന്ധനത്തിനുള്ള അനുമതി ഇല്ലാതെ ഒരു കപ്പലും ആ രാജ്യത്തിന്റെ കടലിൽ മത്സ്യബന്ധനം നടത്തുന്നില്ലെന്ന് പതാകരാജ്യം ഉറപ്പുവരുത്തണം.

46. മത്സ്യബന്ധനത്തിലേർപ്പെടാനുള്ള അനുമതി പത്രം എല്ലാ കപ്പലുകളിലും സൂക്ഷിക്കേണ്ടതാണ്. ഓരോ രാജ്യത്തിന്റെയും അംഗീകാരത്തിൽ ഉൾപ്പെടുത്തണം, പക്ഷേ പരിമിതപ്പെടുത്തേണ്ട ആവശ്യമില്ല.

46.1 കപ്പലിന്റെ പേര്, ഒപ്പം മുറപ്രകാരമുള്ള സ്വാഭാവികമോ നിയമപരമോ മത്സ്യബന്ധനത്തിന് അധികാരമുള്ള വ്യക്തി

46.2 മത്സ്യബന്ധനത്തിനുള്ള മേഖലകൾ, വ്യാപ്തി, ദൈർഘ്യം, ഒപ്പം

46.3 മത്സ്യഇനങ്ങൾ, അംഗീകരിച്ച വലകൾ ഒപ്പം ഉചിതമായ മറ്റുള്ള ബാധകമായ പരിപാലന നടപടികൾ.

47. ഏത് നിബന്ധനകൾക്ക് വിധേയമായാണ് ഒരു അംഗീകാരം നൽകിയിരിക്കുന്നത് എന്ന് ആവശ്യമുള്ളിടത്ത് ഇവ ഉൾപ്പെടുത്താം

47.1 കപ്പൽ നിരീക്ഷണ സംവിധാനങ്ങൾ

47.2 മീൻ പിടിക്കുന്നതിന്റെ കണക്കുകൾ അറിയിക്കൽ, താഴെ കാണിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി

47.2.1 സമയ അനുക്രമത്തിൽ കപ്പൽ പിടിച്ച മീൻ, പരിശ്രമ സ്ഥിതിവിവരകണക്കുകൾ

47.2.2 ആകെ പിടിച്ച മീനിന്റെ എണ്ണം, നാമംമാത്രമായ ഭാരം, അല്ലെങ്കിൽ രണ്ടും, ഇനങ്ങൾ ക്രമത്തിൽ (ലക്ഷ്യംവച്ച മീനും പിടിക്കാൻ ഉദ്ദേശിക്കാത്ത മീനും) ഒരു മത്സ്യബന്ധന കാലയളവിനും അനുയോജ്യമായി (നാമംമാത്രമായ ഭാരം എന്നാൽ പിടിച്ച മീനുകളുടെ തുല്യമായ ജീവനുള്ള മീനുകളുടെ ഭാരം എന്നാണ് നിർവചിച്ചിരിക്കുന്നത്).

47.2.3 ഉപേക്ഷിച്ച മീനുകളുടെ (discarded) സ്ഥിതിവിവര കണക്കുകൾ, ആവശ്യമുള്ളിടത്ത് അളവ് നിർണ്ണയിച്ചതുൾപ്പടെ,

എണ്ണത്തിൽ അല്ലെങ്കിൽ നാമമാത്രമായ മീനുകളുടെ ഇനങ്ങൾ പ്രകാരം, ഓരോ മത്സ്യബന്ധനത്തിനും ഉചിതമായ രീതിയിൽ.

47.2.4 ഓരോ മത്സ്യബന്ധനരീതിക്കും അനുയോജ്യമായ സ്ഥിതിവിവര കണക്കുകൾ ഒപ്പം

47.2.5 മീൻ പിടിച്ച സ്ഥലം, തീയതി, സമയം മുതലായ മത്സ്യബന്ധന പ്രവർത്തനങ്ങൾ എന്നിവയുടെ സ്ഥിതിവിവരകണക്കുകൾ

47.3 കൈമാറ്റത്തിന് അനുവദനീയമായ സ്ഥലത്ത് കണക്ക് കാണിക്കലും മറ്റ് കൈമാറ്റത്തിനുള്ള നിബന്ധനകളും.

47.4 നിരീക്ഷക കവറേജ്

47.5 മീൻ പിടുത്തത്തിന്റെയും അനുബന്ധ ഘടകങ്ങളുടെയും നാൾവിവരപട്ടിക (ലോഗ്) പുസ്തകം.

47.6 നിയന്ത്രിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട് അതിരുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സമുദ്ര യാത്രകൾക്കുള്ള ഉപകരണങ്ങൾ

47.7 പാലിക്കാൻ ബാധകമായ അന്താരാഷ്ട്ര ഉടമ്പടികളും ദേശീയ നിയമങ്ങളും നിയന്ത്രണങ്ങളും സമുദ്ര സുരക്ഷയും പരിസ്ഥിതി സംരക്ഷണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ അല്ലെങ്കിൽ പ്രാദേശിക, ദേശീയ, ആഗോളതലത്തിൽ സ്വീകരിച്ച വ്യവസ്ഥകൾ

47.8 അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ച ലോക ഭക്ഷ്യ കാർഷിക സംഘടനാ നിലവാരമുള്ള വിശേഷ നിരൂപണവും മാർഗ്ഗനിർദ്ദേശങ്ങളും പോലുള്ള അംഗീകൃത മാനദണ്ഡങ്ങൾ അനുസരിച്ച് കപ്പലുകളെ തിരിച്ചറിയുന്നതിനായി അടയാളപ്പെടുത്തൽ. കപ്പലിൽ ഉപയോഗിക്കുന്ന മത്സ്യബന്ധന വലകളും മറ്റും അതുപോലെതന്നെ അന്താരാഷ്ട്രതലത്തിൽ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടയാളപ്പെടുത്തുക.

47.9 പതാക രാജ്യത്തിന് ബാധകമായ ക്രമീകരണങ്ങൾ ഉചിതമായ സ്ഥലത്ത് മത്സ്യബന്ധനത്തിന്റെ മറ്റ് വശങ്ങളുമായി പൊരുത്തപ്പെടുത്തുക, ഒപ്പം

47.10 അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട ഒരു തിരിച്ചറിയൽ നമ്പർ ഉള്ള കപ്പൽ, സാധ്യമാകുന്നിടത്തെല്ലാം, തിരിച്ചറിയാൻ പ്രാപ്തമാക്കുന്ന കാലക്രമേണ രേഖയിലോ പേരിലോ വരുന്ന മാറ്റങ്ങൾ പരിഗണിച്ചുകൊണ്ട്.

48. പതാക രാജ്യങ്ങൾ അവരുടെ മീൻപിടിക്കുന്നതിനും, ഗതാഗതത്തിനും കടലിൽ മറ്റ് സഹായങ്ങൾക്കുമുള്ള കപ്പലുകൾ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുകയോ അതിനെ പിന്തുണക്കുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണം. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന കപ്പലുകൾക്ക് എന്തെങ്കിലും വിതരണം നടത്തുകയോ അല്ലെങ്കിൽ അവയിൽ നിന്ന് ശേഖരിച്ച് വിതരണം നടത്തുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ ഈ ഖണ്ഡിക കപ്പൽ തൊഴിലാളികളുടെ സുരക്ഷ ഉൾപ്പടെ മാനുഷികമായ ആവശ്യങ്ങൾക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് മുൻവിധി ഇല്ലാത്തതാണ്.

49. പതാക രാജ്യങ്ങൾ സാധ്യമാകുന്നിടത്തോളം അവരുടെ മത്സ്യബന്ധനം, ഗതാഗതം കടലിൽ കപ്പലുകളിൽനിന്ന് സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സഹായ കപ്പലുകൾ എന്നിവയിൽ പതാകരാജ്യം നൽകിയ ഒരു മുൻ അനുമതി പത്രം ഉണ്ടെന്നും കൂടാതെ വിവരങ്ങൾ ദേശീയ മത്സ്യവ്യവസായ ഭരണകൂടത്തിന് അല്ലെങ്കിൽ മറ്റ് നിയുക്ത സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ടെന്ന് ഉറപ്പാക്കണം.

49.1 കടലിൽ അവരുടെ എല്ലാ മത്സ്യകൈമാറ്റങ്ങൾ നടന്ന തീയതിയും സ്ഥാനവും

49.2 കൈമാറ്റം ചെയ്യപ്പെട്ട പിടിച്ച മീനിന്റെ ഇനം തിരിച്ചുള്ള ഭാരവും പിടിച്ചെടുത്ത സ്ഥാനവും

49.3 പേര്, രേഖ (registration), കൊടി, കൈമാറ്റങ്ങളിൽ ഏർപ്പെട്ട കപ്പലുകളുടെ തിരിച്ചറിയലുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ.

49.4 കൈമാറ്റംചെയ്ത പിടിച്ചെടുത്ത മീനുകൾ ഇറക്കുന്ന തുറമുഖം

50. പതാക രാജ്യങ്ങൾ പിടിച്ചെടുത്ത മീനുകളുടെയും കൈമാറ്റം നടത്തിയതുമായ മീനുകളുടെയും കണക്കുകളിൽ നിന്ന് വിവരങ്ങൾ (report) ഉണ്ടാക്കണം, പ്രദേശങ്ങൾക്കും മത്സ്യ ഇനങ്ങൾക്കും അനുസരിച്ച് പൂർണ്ണമായും, സമയബന്ധിതമായും പതിവ് രീതിയിലും ഉചിതമായ പ്രാദേശിക, ദേശീയ ഒപ്പം ലോക ഭക്ഷ്യ കാർഷിക സംഘടന ഉൾപ്പടെയുള്ള അന്താരാഷ്ട്ര സംഘടനകൾ ബാധകമായ രഹസ്യസ്വഭാവം നിലനിർത്തികൊണ്ട് തീരദേശ രാജ്യങ്ങളുടെ നടപടികൾ

51. തീരദേശ രാജ്യങ്ങളുടെ പരമാധികാര അവകാശങ്ങൾ അവരുടെ കീഴിലുള്ള ജീവനുള്ള ജലവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പര്യവേക്ഷണ ആവശ്യങ്ങൾ നടത്തുന്നതിനുമുള്ള അധികാര പരിധി വിനിയോഗിക്കുന്നതിൽ, 1982 ലെ ഐക്യരാഷ്ട്രസഭയുടെ ഉടമ്പടിക്കും അന്താരാഷ്ട്ര നിയമത്തിനും അനുസൃതമായി, ഓരോ തീരദേശ രാജ്യവും പ്രത്യേകമായ സാമ്പത്തിക മേഖലയിൽ (EEZ) ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നടപടികൾ നടപ്പിലാക്കണം. ദേശീയ അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായി പരിധിവരെ ഉചിതവും പ്രായോഗികവുമായ നടപടികൾ

51.1 പ്രത്യേക, സാമ്പത്തിക മേഖലയിലെ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിരീക്ഷണം, നിയന്ത്രണം, മേൽനോട്ടം

51.2 ഉചിതമായ സ്ഥലങ്ങളിൽ മറ്റ്രാജ്യങ്ങളുമായുള്ള സഹകരണവും, വിവര കൈമാറ്റവും, അയൽ തീരദേശ രാജ്യങ്ങളും പ്രാദേശിക പരിപാലന മാനേജ്മെന്റ് സംഘടനകൾ ഉൾപ്പെടെ

51.3 ഒരു കപ്പലും ആ തീരദേശരാജ്യം നൽകിയ മത്സ്യബന്ധനത്തിന് സാധ്യതയുള്ള അനുമതിയില്ലാതെ ആ രാജ്യത്തിന്റെ അധീനതയിലുള്ള കടലിൽ മത്സ്യബന്ധന പ്രവർത്തനം നടത്തുന്നില്ലെന്ന് ഉറപ്പാക്കുന്നതിന്

51.4 ബന്ധപ്പെട്ട കപ്പലുകളുടെ രേഖയിൽ ഉൾപ്പെട്ടിട്ടുള്ള കപ്പൽ ആണെങ്കിൽ മാത്രമേ മത്സ്യബന്ധനത്തിന് അംഗീകാരം നൽകാവൂ

51.5 അതിന്റെ അധികാര പരിധിയിൽപ്പെടുന്ന വെള്ളത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന കപ്പലുകൾ ഉചിതമായ ദിനംപ്രതിയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന്

51.6 മത്സ്യങ്ങളുടെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും കടൽത്തീര കൈമാറ്റവും സംസ്കരണവും ഉറപ്പാക്കുന്നതിന് തീരദേശ രാജ്യ ജലാശയത്തെ ആ തീരദേശ രാജ്യം അംഗീകരിക്കുന്നു അല്ലെങ്കിൽ ഉചിതമായ പരിപാലന ചട്ടങ്ങൾക്ക് അനുസൃതമായി നടത്തുന്നു

51.7 ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും സഹായിക്കുന്ന രീതിയിൽ മത്സ്യബന്ധനത്തിനുള്ള അനുമതി നിയന്ത്രിക്കുക ഒപ്പം

51.8 ഐയുയു മത്സ്യബന്ധനത്തിന്റെ ചരിത്രമുള്ള കപ്പലുകൾക്ക് ഖണ്ഡിക 36 ലെ വ്യവസ്ഥകൾ കണക്കിലെടുത്ത് അവരുടെ ജലാശയങ്ങളിൽ മത്സ്യബന്ധനത്തിനുള്ള അനുമതി നൽകുന്നതിൽ നിന്ന് ഒഴിവാക്കുക.

### തീരദേശ രാജ്യങ്ങളുടെ നടപടികൾ

52. ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും തുറമുഖ രാജ്യങ്ങൾ കപ്പലുകളുടെ നിയന്ത്രണത്തിനായി അന്താരാഷ്ട്ര നിയമപ്രകാരം നടപടികൾ സ്വീകരിക്കണം. അത്തരം നടപടികൾ ന്യായവും സുതാര്യവും വിവേചനരഹിതവുമായ രീതിയിൽ നടപ്പാക്കണം.

53. ഖണ്ഡികകൾ 52 മുതൽ 64 വരെ ഉപയോഗിക്കുമ്പോൾ തുറമുഖ പ്രവേശനാനുമതി എന്നാൽ തുറമുഖങ്ങളിലേക്കോ തീരത്തിൽ നിന്ന് അകലെയുള്ള മറ്റ് സംവിധാനങ്ങളിലേക്കോ വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് ഒരു തീരദേശ രാജ്യത്തിന്റെ പരമാധികാര മുൻവിധികളില്ലാതെ ഇന്ധനം നിറക്കുന്നതിനും പിടിച്ച മീനുകൾ ഇറക്കുന്നതിനും വീണ്ടും വിതരണത്തിനായി കൈമാറ്റം ചെയ്യുന്നതിനും അതിന്റെ ദേശീയ നിയമത്തിനും 1982 ഐക്യരാഷ്ട്ര ഉടമ്പടിയിലെ 25.2 വകുപ്പും മറ്റ് പ്രസക്തമായ അന്താരാഷ്ട്ര നിയമങ്ങൾക്കനുസൃതമായും (ഉള്ള പ്രവേശനാനുമതി എന്നാണ് അർത്ഥമാക്കുന്നത്)

54. ഖണ്ഡികകൾ 52, 53, 55 എന്നിവ നിലനിൽക്കുമ്പോഴും മുൻകൂട്ടി കാണാൻ പറ്റാത്ത സാഹചര്യങ്ങളിൽ അല്ലെങ്കിൽ അപകടാവസ്ഥയിൽ പെട്ടുപോയ ഒരു കപ്പലിന് അന്താരാഷ്ട്ര നിയമപ്രകാരം തുറമുഖത്ത് പ്രവേശനാനുമതി നൽകുകയും വ്യക്തികൾ, കപ്പലുകൾ അല്ലെങ്കിൽ വിമാനങ്ങൾ എന്നിവയ്ക്ക് സഹായം നൽകാവുന്നതുമാണ്.

55. കപ്പലുകൾക്ക് തുറമുഖ പ്രവേശനം അനുവദിക്കുന്നതിനുമുമ്പ് തുറമുഖ രാജ്യത്തിന് മത്സ്യബന്ധനവും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന കപ്പലുകളുടെ പ്രവേശനാനുമതി തേടിക്കൊണ്ടുള്ള അപേക്ഷകൾ മുൻകൂറായി നൽകിയിട്ടുണ്ടാവണം കൂടാതെ അപേക്ഷയോടൊപ്പം മത്സ്യബന്ധന അനുമതിപത്രത്തിന്റെ പകർപ്പ്,

മത്സ്യബന്ധനയാത്രയുടെ വിവരങ്ങൾ ഒപ്പം കപ്പലിലുള്ള മീനുകളുടെ അളവ് എന്നിവ ആവശ്യമായ രഹസ്യസ്വഭാവം പരിഗണിച്ചുകൊണ്ട് നൽകുകയും വേണം. കപ്പൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടില്ല അല്ലെങ്കിൽ സഹായിക്കുന്നില്ല എന്ന് തെളിയിക്കാൻ വേണ്ടിയുള്ള നടപടികളാണ് ഇത്.

56. ഒരു രാജ്യത്തിന്റെ തുറമുഖത്ത് പ്രവേശിക്കാനുള്ള അനുമതി ലഭിച്ച കപ്പൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമായിട്ടുണ്ടെങ്കിൽ ആ കപ്പലിനെ തുറമുഖത്ത് അടുക്കുവാനോ മീൻ ഇറക്കുവാനോ അനുവദിക്കരുത് ഒപ്പം അക്കാര്യം കപ്പൽ രേഖ ചെയ്ത രാജ്യത്തിനെ അറിയിക്കേണ്ടതുമാണ്.

57. തുറമുഖങ്ങളിൽ വിദേശ പതാകയുള്ള കപ്പലുകളെ പ്രവേശിപ്പിക്കാനും പരിശോധന നടത്തുവാനും കഴിവുള്ള രാജ്യങ്ങൾ ഈ കാര്യങ്ങൾ പരസ്യപ്പെടുത്തേണ്ടതാണ്.

58. മത്സ്യബന്ധന കപ്പലുകൾ പരിശോധിക്കുമ്പോൾ തുറമുഖ രാജ്യങ്ങൾ ഇനി പറയുന്ന വിവരങ്ങൾ ശേഖരിക്കുകയും അത് പതാകരാജ്യത്തേക്ക് അല്ലെങ്കിൽ പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകളിലേക്ക് അറിയിക്കുകയും ചെയ്യേണ്ടതാണ്.

58.1 കപ്പലിന്റെ പതാകരാജ്യവും തിരിച്ചറിയാനുള്ള വിശദാംശങ്ങളും

58.2 പേര്, രാജ്യം, കപ്പിത്താന്റെയും ഫിഷിംഗ് മാസ്റ്ററുടെയും യോഗ്യതകൾ

58.3 മീൻ പിടിക്കാനുള്ള വലകൾ

58.4 കപ്പലിൽ ഉള്ള മീനുകളുടെ ഉത്ഭവം, ഇനം, രൂപം, അളവ്

58.5 ഉചിതമായ സ്ഥലങ്ങളിൽ പ്രസക്തമായ പ്രാദേശിക മത്സ്യ പരിപാലന സംഘടനകൾ അല്ലെങ്കിൽ അന്താരാഷ്ട്ര കരാറുകൾക്ക് ആവശ്യമായ മറ്റ് വിവരങ്ങൾ ഒപ്പം

58.6 ആകെ തുറമുഖത്ത് ഇറക്കിയതും കൈമാറ്റം ചെയ്യപ്പെട്ടതുമായ മീനുകളുടെ അളവ്

59. പരിശോധനയ്ക്കിടെ ഒരു കപ്പൽ തുറമുഖരാജ്യത്തിന്റെ അധികാരപരിധിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുകയോ, പിന്തുണയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് തോന്നിയാൽ സംശയിക്കാനുള്ള കാരണം തുറമുഖരാജ്യം അന്താരാഷ്ട്ര നിയമങ്ങൾ പാലിച്ചുകൊണ്ട് നടപടികൾ എടുക്കുന്നതിനുപുറമേ വിവരം കപ്പലിന്റെ പതാകരാജ്യത്തെ, ഉചിതമായ ഇടങ്ങളിൽ പ്രസക്തമായ തീരദേശ രാജ്യങ്ങളെയും പ്രാദേശിക മത്സ്യപരിപാലന സംഘടനകളെയും അറിയിക്കുക. പതാകരാജ്യത്തിന്റെ സമ്മതത്തോടെ അല്ലെങ്കിൽ അഭ്യർത്ഥന പ്രകാരം തുറമുഖരാജ്യത്തിന് മറ്റു നടപടികൾ കൈക്കൊള്ളാം.

60. ഖണ്ഡികകൾ 58, 59 പ്രകാരം രാജ്യങ്ങൾ ശേഖരിച്ച വിവരങ്ങളുടെ രഹസ്യങ്ങൾ അവരുടെ ദേശീയ നിയമങ്ങൾക്ക് അനുസൃതമായി പരിരക്ഷിക്കണം.

61. തുറമുഖ രാജ്യങ്ങൾ മത്സ്യബന്ധനത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുള്ള കപ്പലുകളെ നിയന്ത്രിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും, സാങ്കേതിക സഹായം നൽകുന്നതിനും, യോഗ്യതയുടെ ആവശ്യകതകൾ എന്നിവയുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, തുറമുഖ നിയന്ത്രണ ഉദ്യോഗസ്ഥർക്കുള്ള പൊതുപ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു ദേശീയ ഉപായം നിർമ്മിക്കുകയും പരസ്യപ്പെടുത്തുകയും വേണം. രാജ്യങ്ങൾ ഈ ഉപായം നടപ്പിലാക്കുന്നിതിനും മറ്റുമായുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും പരിശ്രമിക്കേണ്ടതാണ്.

62. തുറമുഖരാജ്യങ്ങൾ മത്സ്യബന്ധനകപ്പലുകളെ നിയന്ത്രിക്കുന്നതിനായി ഉഭയകക്ഷി, ബഹുമുഖമായ അല്ലെങ്കിൽ പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടകളുമായി സഹകരിച്ച് യോജിക്കുന്ന നടപടികൾ വികസിപ്പിക്കേണ്ടതുണ്ട്. അത്തരം നടപടികളിൽ തുറമുഖ രാജ്യങ്ങൾ ശേഖരിക്കേണ്ട വിവരങ്ങൾ, അതിനുള്ള നടപടിക്രമങ്ങൾ, സംശയാസ്പദമായ ലംഘനങ്ങൾ കൈകാര്യം ചെയ്യാനായി പ്രാദേശിക, ദേശീയ അല്ലെങ്കിൽ അന്തർദ്ദേശീയ സംവിധാനങ്ങൾ സ്വീകരിച്ച നടപടികൾ എന്നീ കാര്യങ്ങൾ ഉൾപ്പെട്ടിരിക്കണം.

63. പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾക്കുള്ളിൽ പതാകരാജ്യ നടപടികൾ അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസിക്കുന്നത് പതാക ഉയർത്താൻ അവകാശമുള്ള പ്രാദേശിക മത്സ്യപരിപാലന സംഘടനകളിൽ ഉൾപ്പെടാത്തവരുമായി സഹകരിക്കാത്ത കപ്പലുകൾ പ്രത്യേക സംഘടനകളുടെ പ്രദേശത്ത് മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതായി തിരിച്ചറിഞ്ഞിട്ടുണ്ട്. അവ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കാം. അത്തരം തുറമുഖരാജ്യങ്ങൾ മീൻ ഇറക്കുന്നതും, കൈമാറ്റം ചെയ്യുന്നതും കപ്പലുകൾ മത്സ്യസംരക്ഷണ പരിപാലന നടപടികൾ പാലിച്ചുകൊണ്ടാണ് മത്സ്യബന്ധനം നടത്തിയതെന്ന് തെളിയിക്കാൻ പറ്റാത്ത സാഹചര്യത്തിൽ നിരോധിക്കാവുന്നതാണ്. പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ കപ്പലുകളെ തിരിച്ചറിയുന്നത് നിയമാനുസൃതവും, സുതാര്യവും, വിവേചനരഹിതവുമായ രീതിയിൽ അംഗീകൃത നടപടിക്രമങ്ങളിലൂടെ ആയിരിക്കണം.

64. രാജ്യങ്ങൾ പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾക്കിടയിലും വ്യത്യസ്ഥ സംഘടനകൾ തമ്മിലും തുറമുഖരാജ്യങ്ങൾ തമ്മിലുമുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനായി പ്രസക്തമായ വിവരങ്ങൾ അറിയിച്ചുകൊണ്ടിരിക്കണം.

### അന്തർദേശീയമായി സമ്മതിച്ച കച്ചവടവുമായി ബന്ധപ്പെട്ട നടപടികൾ

65. ഖണ്ഡിക 66 മുതൽ 76 വരെയുള്ള നടപടികൾ മത്സ്യ, മത്സ്യബന്ധന ഉൽപന്നങ്ങളിൽ വ്യാപാരം നടത്താനുള്ള രാജ്യങ്ങളുടെ അവകാശം അംഗീകരിക്കുകയും സുസ്ഥിരമായ രീതിയിൽ മീൻ പിടിക്കുകയും ലോക വ്യാപാര സംഘടനയിൽ സ്ഥാപിതമായ തത്വങ്ങൾ, അവകാശങ്ങൾ, ബാധ്യതകൾ എന്നിവയ്ക്ക് അനുസൃതമായി ന്യായവും സുതാര്യവും വിവേചനരഹിതവുമായ രീതിയിൽ നടപ്പിലാക്കുന്ന വിധത്തിൽ വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും വേണം.

66. പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ ഒരു കപ്പൽ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് തിരിച്ചറിഞ്ഞാൽ അന്താരാഷ്ട്ര നിയമപ്രകാരം ആ കപ്പലിലെ മീൻ തങ്ങളുടെ അതിർത്തിയിൽ ഇറക്കുവാനോ കച്ചവടം ചെയ്യുവാനോ ഒരു രാജ്യവും സമ്മതിക്കരുത്. ഒരു പ്രാദേശിക മത്സ്യപരിപാലന സംഘടന ഇത്തരം കപ്പലുകളെ തിരിച്ചറിയുന്നത് സുതാര്യവും, വിവേചനരഹിതവും, നിയമാനുസൃതവുമായി അംഗീകരിച്ച രീതിയിൽ ആയിരിക്കണം. ലോകാരോഗ്യ സംഘടനയിൽ സ്ഥാപിതമായ തത്വങ്ങൾ, അവകാശങ്ങൾ, ബാധ്യതകൾ എന്നിവയുൾപ്പെടെയുള്ള നിയമം കരാറുകളും, ന്യായമായതും സുതാര്യവും വിവേചനരഹിതവുമായ രീതിയിൽ നടപ്പിലാക്കുന്ന വിധത്തിൽ വ്യാപാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായി നടപടികൾ സ്വീകരിക്കുകയും നടപ്പാക്കുകയും വേണം. വ്യാപാരവുമായി ബന്ധപ്പെട്ട നടപടികൾ അസാധാരണ സാഹചര്യത്തിൽ മാത്രമേ പ്രയോഗിക്കാവൂ. ഐയുയു മത്സ്യബന്ധനം തടയാൻ മറ്റു മാർഗ്ഗങ്ങൾ പരാജയപ്പെടുകയും കൂടാതെ ഐയുയു മത്സ്യബന്ധനം ഒഴിവാക്കാൻ താൽപര്യമുള്ള രാജ്യങ്ങളുമായി മുൻകൂട്ടി ആലോചിച്ചതിനുശേഷം മാത്രമേ നടപടികൾ സ്വീകരിക്കാവൂ. വ്യാപാരവുമായി ബന്ധപ്പെട്ട ഏകപക്ഷീയമായ നടപടികൾ ഒഴിവാക്കണം.

67. മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വ്യാപാരവുമായി സംബന്ധിച്ച നടപടികൾ സുതാര്യവും ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ, ബാധകമായിടങ്ങളിൽ, അന്തർദേശീയവുമായി അംഗീകരിച്ച നിയമങ്ങൾക്ക് വിധേയമായാണ് നടപ്പാക്കേണ്ടത്.

68. പ്രസക്തമായ ആഗോള, പ്രാദേശിക മത്സ്യപരിപാലന സംഘടനകളുമായി രാജ്യങ്ങൾ സഹകരിച്ച് ഉചിതവും, ബഹുമുഖമായി സ്വീകരിക്കപ്പെടുകയും ചെയ്ത വ്യാപാരവുമായി ബന്ധപ്പെട്ട ലോക വ്യാപാര സംഘടനയുമായി പൊരുത്തപ്പെടുന്ന നടപടികൾ സ്വീകരിച്ച് ഒരു നിർദ്ധിഷ്ട മത്സ്യസ്രോതസ്സുകളുടെ ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ വിഭാവനം ചെയ്തിട്ടുള്ള ബഹുമുഖ വ്യാപാരവുമായി ബന്ധപ്പെട്ട നടപടികൾ സഹകരണ ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഉപോയോഗിക്കാം. നിർദിഷ്ട മത്സ്യ, മത്സ്യ ഉൽപ്പന്നങ്ങൾ ഒരു തരത്തിലും ഐയുയു മത്സ്യബന്ധനത്തെ പ്രോൽസാഹിപ്പിക്കുന്നില്ല അല്ലെങ്കിൽ 1982ലെ ഐക്യരാഷ്ട്ര ഉടമ്പടി പ്രകാരം മത്സ്യപരിപാലനത്തെ ദുർബലപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നില്ല.

69. ഐയുയു മത്സ്യബന്ധനത്തിൽനിന്ന് ഉരുത്തിരിഞ്ഞ മത്സ്യങ്ങളുടെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും വ്യാപാരം കുറക്കുന്നതിനും ഇല്ലാതാക്കുന്നതിനും പിടിച്ച മീനുകളുടെ ബഹുമുഖമായ വിവരങ്ങൾ രേഖാസഹിതം തെളിയിക്കൽ, സാക്ഷ്യപ്പെടുത്തൽ ഒപ്പം മറ്റ് ഉചിതമായ കയറ്റുമതി ഇറക്കുമതി നിയന്ത്രണങ്ങൾ അല്ലെങ്കിൽ വിലക്കുകൾ. അത്തരം നടപടികൾ ന്യായമായും സുതാര്യമായും വിവേചനരഹിതമായും ഫലപ്രദവുമായി നടപ്പാക്കാൻ രാജ്യങ്ങൾ പിന്തുണക്കണം.

70. ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെടുന്ന കപ്പലുകൾക്കുള്ള സാമ്പത്തിക പ്രോത്സാഹനം കുറക്കുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതിനായി ശേഖരം (stock) അല്ലെങ്കിൽ നിർദ്ദിഷ്ട ഇനങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട നടപടികൾ ആവശ്യമായി വന്നേക്കാം.

71. മത്സ്യങ്ങൾ അല്ലെങ്കിൽ മത്സ്യ ഉൽപ്പന്നങ്ങളുടെ സ്രോതസ്സ് കണ്ടെത്താനായി വിപണികളുടെ സുതാര്യത മെച്ചപ്പെടുത്തുന്ന നടപടികൾ രാജ്യങ്ങൾ കൈക്കൊള്ളണം.

72. അനധികൃതമായി പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും വ്യാപാരം തടയുന്നതിൽ താൽപര്യമുള്ള രാജ്യങ്ങൾ ആവശ്യപ്പെടുമ്പോൾ സഹായിക്കാൻ മറ്റു രാജ്യങ്ങൾ തയ്യാറാവണം. സഹായം അഭ്യർത്ഥിക്കുന്ന രാജ്യത്തിന്റെ അധികാരപരിധി പൂർണ്ണമായി മാനിച്ചുകൊണ്ട് രണ്ട് രാജ്യങ്ങളും അംഗീകരിച്ച നിബന്ധനകൾക്കനുസൃതമായി സഹായം നൽകണം.

73. ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടതായി തിരിച്ചറിഞ്ഞ കപ്പലുമായുള്ള കച്ചവടത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് ഇറക്കുമതിക്കാർ, കൈമാറ്റ കച്ചവടക്കാർ, വാങ്ങുന്നവർ, ഉപഭോക്താക്കൾ, ഉപകരണവിതരണക്കാർ, ബാങ്കർമാർ, ഇൻഷുറൻസ് കമ്പനിക്കാർ, സേവന വിതരണക്കാരും, പൊതുജനങ്ങൾക്കും അറിയാൻ വേണ്ട നടപടികൾ കൈക്കൊള്ളാൻ രാജ്യങ്ങൾ തയ്യാറാവണം. ഏത് രാജ്യത്തിന്റെ അധികാരപരിധിയിലാണ് കപ്പൽ പ്രവർത്തിക്കുന്നത് അല്ലെങ്കിൽ ബന്ധപ്പെട്ട പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ സമ്മതിച്ച നടപടിക്രമങ്ങൾക്കനുസൃതമായി അത്തരം വ്യാപാരങ്ങളെ തടയുന്നതിനുള്ള നടപടികൾ പരിഗണിക്കണം. ദേശീയ നിയമപ്രകാരം സാധ്യമായ പരിധിവരെ, ഐയുയു മത്സ്യബന്ധനത്തിൽ നിന്നുള്ള മത്സ്യമോ, മത്സ്യ ഉൽപ്പന്നങ്ങളോ വ്യാപാരം നടത്തുന്നത് തടയുന്നതിനുള്ള നിയമനിർമ്മാണം ഉൾപ്പെടുത്തണം. ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ കപ്പലുകളെയും തിരിച്ചറിയുന്നത് ന്യായവും, സുതാര്യവും വിവേചനരഹിതവുമായ രീതിയിൽ ആയിരിക്കണം.

74. ഐപിഒഎ നടപ്പാക്കുന്നത് പ്രോൽസാഹിപ്പിക്കുന്ന വിധത്തിൽ രാജ്യങ്ങൾ അവരുടെ മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളുടെയും വിവരണവും നിയമാവലിയും ചേർച്ചയുള്ള വിധത്തിൽ നിർമ്മിക്കണം.

75. സാക്ഷ്യപ്പെടുത്തലും രേഖപ്പെടുത്തലും സാധ്യമാകുന്നിടത്തോളം മാനദണ്ഡമാക്കിയിരിക്കണം, അതുപോലെ സാധ്യമാകുന്നിടത്തോളം ഫലപ്രാപ്തി ഉറപ്പിച്ചുകൊണ്ടായിരിക്കണം. ഇലക്ട്രോണിക് വിന്യാസം വികസിപ്പിച്ചെടുക്കുന്നത് അതിലൂടെ വഞ്ചിക്കപ്പെടാനുള്ള അവസരങ്ങൾ കുറക്കാനും വ്യാപാരത്തിന്റെ അനാവശ്യമായ പ്രശ്നങ്ങൾ ഒഴിവാക്കാനും പറ്റണം.

**ഗവേഷണം**

76. സംസ്കരിച്ച ഉൽപ്പന്നങ്ങളുടെ സാമ്പിളുകളിൽനിന്ന് മത്സ്യ ഇനങ്ങൾ തിരിച്ചറിയുന്നതിനുള്ള ശാസ്ത്രീയ ഗവേഷണങ്ങൾ രാജ്യങ്ങൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്. സംസ്കരിച്ച മത്സ്യ ഉൽപ്പന്നങ്ങളിൽനിന്ന് മത്സ്യങ്ങളെ തിരിച്ചറിയുന്നതിനും മത്സ്യശേഖരങ്ങളുടെ ഉൽഭവസ്ഥാനം തിരിച്ചറിയുന്നതിനുള്ള ജനിതകത്തിന്റെയും മറ്റ് അടയാളപ്പെടുത്തുന്നതിനുള്ള വസ്തുക്കളുടെയും (marker) ഒരു വസ്തുതകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി ലോകഭക്ഷ്യ കാർഷിക സംഘടന ശ്രമിക്കണം.

**ദേശീയ മത്സ്യ വ്യവസായ പരിപാലന സംഘടനകൾ**

77. നയങ്ങൾ നടപ്പാക്കുന്നതും പാലിക്കുന്നതും രാജ്യങ്ങൾ ഉറപ്പാക്കുന്നതും കൂടാതെ ഐയുയു മത്സ്യബന്ധനത്തെ ബാധിക്കുന്ന നടപടികളും പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടന നിലവിൽ ഒന്നുമില്ലാത്ത സ്ഥലങ്ങളിൽ അത്തരം സംഘടനകൾ സ്ഥാപിക്കുന്നതിൽ രാജ്യങ്ങൾ സഹകരിക്കണം.

78. ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നടപടികൾ വിജയകരമാക്കാൻ ബന്ധപ്പെട്ട പ്രാദേശിക മത്സ്യവ്യവസായ പരിപാലന സംഘടനകൾ സ്വീകരിച്ച നടപടികൾ പ്രാവർത്തികമാക്കാൻ ബന്ധപ്പെട്ട എല്ലാ രാജ്യങ്ങളുടെയും സഹകരണം ആവശ്യമാണ്. പ്രസക്തമായ പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകളിൽ അംഗങ്ങളല്ലാത്ത രാജ്യങ്ങൾക്കും അന്താരാഷ്ട്ര ബാധ്യതകൾക്ക് അനുസ്യൂതമായി ഈ നിയമം ബാധകമാണ്. പ്രാദേശിക മത്സ്യ പരിപാലന സംഘടനകൾ സ്ഥാപിച്ച സംരക്ഷണ പരിപാലന നടപടികൾ പ്രാബല്യത്തിൽ വരുത്തുന്നതിന് രാജ്യങ്ങൾ സഹകരിക്കണം. അവരുടെ പതാക ഉയർത്താൻ അവകാശമുള്ള കപ്പലുകൾ സംരക്ഷണ പരിപാലന നടപടികൾ സ്വീകരിക്കുകയും വേണം.

79. രാജ്യങ്ങൾ പ്രസക്തമായ പ്രാദേശിക മത്സ്യ പരിപാലന സംഘടനകൾ വഴി അന്താരാഷ്ട്ര നിയമങ്ങൾക്ക് വിധേയമായി ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള നൂതന ആശയങ്ങൾ വികസിപ്പിച്ചെടുക്കേണ്ടതാണ്.

79.1 പ്രസക്തമായ പ്രാദേശിക മത്സ്യ പരിപാലന സംഘടനകൾ ഐയുയു മത്സ്യബന്ധനം തടയാനും നിരുൽസാഹപ്പെടുത്താനും ഇല്ലാതാക്കാനും അവരുടെ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപനപരമായ ശക്തിപ്പെടുത്തൽ നടത്തേണ്ടതാണ്.

79.2 അന്തർദേശീയ നിയമവുമായി പൊരുത്തപ്പെടുന്ന നടപടികളുടെ വികസനം.

79.3 നിർബന്ധിത വിവരകൈമാറ്റത്തിനായി സമഗ്രമായ ക്രമീകരണങ്ങളുടെ വികസനവും നടപ്പാക്കലും.

79.4 ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ പിന്തുണയ്ക്കുന്ന കപ്പലുകളുടെ വിവര കൈമാറ്റത്തിനുള്ള സഹകരണം സ്ഥാപിക്കൽ.

79.5 ഒരു പ്രദേശത്ത് മത്സ്യബന്ധനത്തിന് അംഗീകാരം ലഭിച്ചവരും ഐയുയു മത്സ്യബന്ധനത്തെ പിന്തുണയ്ക്കുന്നവരും ഏർപ്പെടുന്നവരും ഉൾപ്പടെയുള്ള കപ്പലുകളുടെ രേഖകൾ ഉണ്ടാക്കുകയും സൂക്ഷിക്കലും

79.6 ഐയുയു മത്സ്യബന്ധനം നിരീക്ഷിക്കുന്നതിനായി വ്യാപാരവിവരങ്ങൾ ശേഖരിക്കുകയും, കൂട്ടിച്ചേർക്കലും

79.7 എംസിഎസിന്റെ വികസനം, അത് നടപ്പാക്കുന്നതിനായി അതത് അധികാരപരിധിയിലെ അംഗങ്ങൾക്കുള്ള പ്രോൽസാഹനം, അന്താരാഷ്ട്ര കരാർ

അനുസരിച്ച് കൃത്യമായ പിടിച്ച മീനുകളുടെ കണക്കുകൾ, കപ്പൽ നിരീക്ഷണ സംവിധാനങ്ങൾ, പുതിയ സാങ്കേതിക വിദ്യകൾ, മീൻ ഇറക്കുന്ന സ്ഥലത്തെ നിരീക്ഷണം, തുറമുഖ നിയന്ത്രണം, പരിശോധന എന്നിവയും കടലിൽ കൈമാറ്റം ചെയ്യുന്ന ചരക്കുകളുടെ നിയന്ത്രണവും

79.8. ഉചിതമായിടത്ത് ഒരു പ്രാദേശിക മത്സ്യപരിപാലന സംഘടനയുടെ വികസനം, അകത്ത് കടക്കാനും പരിശോധിക്കാനുമുള്ള വ്യവസ്ഥകൾ അന്താരാഷ്ട്ര നിയമങ്ങൾക്ക് അനുസൃതമായി കപ്പിത്താന്റെയും പരിശോധന ഉദ്യോഗസ്ഥരുടെയും അവകാശങ്ങളും കടമകളും അംഗീകരിച്ചുകൊണ്ട് വർദ്ധിപ്പിക്കൽ.

79.9 നിരീക്ഷക പദ്ധതികളുടെ വികസനം

79.10 ഉചിതമായ സാഹചര്യത്തിൽ കമ്പോളവുമായി ബന്ധപ്പെട്ട നടപടികൾ ഐപിഒഎ യുമായി പൊരുത്തമുണ്ടായിരിക്കണം.

79.11 കപ്പലുകൾ ഐയുയു മത്സ്യബന്ധനത്തിൽ ഏർപ്പെടുകയോ, പിന്തുണക്കുകയോ ചെയ്തിട്ടുണ്ടെന്ന് കരുതപ്പെടുന്ന സാഹചര്യങ്ങളുടെ നിർവചനം

79.12 പരിശീലന വികസനവും പൊതു അവബോധ പരിപാടികളും

79.13 പ്രവർത്തന പദ്ധതികളുടെ വികസനം ഒപ്പം

79.14 ഐയുയു മീൻപിടുത്തത്തിനു കാരണമാകുമെന്ന് ആശങ്കയുണ്ടെങ്കിൽ അംഗങ്ങൾ സമ്മതിച്ചിടത്ത് വാടകയ്ക്കെടുക്കൽ ക്രമീകരണങ്ങളുടെ പരിശോധന

80. ഐയുയു മത്സ്യബന്ധനം തടയാനും, നിർത്തലാക്കാനും ബന്ധപ്പെട്ട വിവരങ്ങൾ രാജ്യങ്ങൾ പ്രസക്തമായ പ്രാദേശിക മത്സ്യപരിപാലന സംഘടനകൾ സമയബന്ധിതമായി സമാഹരിച്ച് വിവരങ്ങൾ ലോകഭക്ഷ്യകാർഷിക സംഘടന മറ്റ് മത്സ്യപരിപാലന സംഘടനകൾക്കും കുറഞ്ഞത് വാർഷികാടിസ്ഥാനത്തിലെങ്കിലും ലഭ്യമാക്കേണ്ടതുണ്ട്.

80.1 ഐയുയു പ്രവർത്തനങ്ങളുടെ വ്യാപ്തി, സ്വഭാവം എന്നിവ കണക്കാക്കുന്ന പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകളുടെ കഴിവുകളുടെ വ്യാപ്തി കണക്കാക്കൽ

80.2 ഐയുയു മത്സ്യബന്ധനം തടയുന്നതിനും, നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും വേണ്ടി എടുത്ത നടപടികളുടെ വിശദാംശങ്ങൾ

80.3 മത്സ്യബന്ധനത്തിന് അംഗീകാരം ലഭിച്ച കപ്പലുകളുടെ രേഖകൾ ഒപ്പം

80.4 ഐയുയു മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന കപ്പലുകളുടെ രേഖകൾ

81. ഐയുയു മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകളുടെ സ്ഥാപനപരവും നയപരവുമായ

ലക്ഷ്യങ്ങളുടെ ശാക്തീകരണത്തിന് പ്രാദേശിക മത്സ്യവ്യവസായ പരിപാലന സംഘടനകളെ പ്രാപ്തമാക്കേണ്ടതുണ്ട്.

81.1 ആഭ്യന്തരമായ ആവശ്യങ്ങൾക്കും മറ്റ് പ്രാദേശിക മത്സ്യപരിപാലന സംഘടനകളുമായുള്ള ഏകോപനത്തിനും വേണ്ടി ഐയുയു മത്സ്യബന്ധനം സംബന്ധിച്ച് നയപരമായ ലക്ഷ്യങ്ങൾ നിർണ്ണയിക്കുക.

81.2 ഐയുയു മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നയങ്ങൾ പരമാവധി നടപ്പിലാക്കുന്നതിനായി ഉചിതമായ രീതിയിൽ സ്ഥാപന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഉത്തരവ്, പ്രവർത്തനങ്ങൾ, ധനകാര്യം, തീരുമാനമെടുക്കൽ, വിവരം അറിയിക്കൽ അല്ലെങ്കിൽ വിവര ആവശ്യകതകളും നിർവ്വഹണ പദ്ധതികളുമടക്കം

81.3 ഐയുയു മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മറ്റു പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകളുമായി കഴിയുന്നിടത്തോളം സ്ഥാപനപരമായ സംവിധാനങ്ങളുമായി വ്യാപാര സംബന്ധമായ കാര്യങ്ങളിൽ ഏകോപനം ക്രമീകരിക്കുക.

81.4 നയങ്ങളുടെയും നടപടികളുടെയും ഫലപ്രദവും സമയബന്ധിതവുമായ നടപ്പാക്കൽ ആന്തരികമായും മറ്റു പ്രാദേശിക അന്തർദേശീയ മത്സ്യ വ്യവസായ പരിപാലന സംഘടനകളുമായും സഹകരിച്ച് നടത്തിപ്പ് ഉറപ്പാക്കുക.

82. രാജ്യങ്ങൾ പ്രസക്തമായ പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകൾ വഴി പ്രവർത്തിക്കുന്ന യഥാർത്ഥ താൽപര്യമുള്ള കരാറില്ലാത്ത കക്ഷികളെ ആ സംഘടനയിൽ ചേരാനും അവയുടെ പ്രവർത്തനങ്ങളിൽ പൂർണ്ണമായി ബന്ധപ്പെട്ട് പ്രവർത്തിക്കാനും ഇത് സാധ്യമല്ലാത്തിടത്ത് പ്രദേശിക മത്സ്യപരിപാലന സംഘടനകളുടെ പങ്കാളിത്തവും സഹകരണവും കരാറിലില്ലാത്ത കക്ഷികളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുകയും ബാധകമായ അന്തർദേശീയ പൊരുത്തപ്പെടുന്ന കരാറുകളും അന്താരാഷ്ട്ര നിയമവും സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ബന്ധപ്പെട്ട സംഘടനകൾ സ്വീകരിച്ച നടപടികൾ നടപ്പാക്കുന്നതിൽ പ്രാദേശിക മത്സ്യവ്യവസായ പരിപാലന സംഘടനകൾ മത്സ്യവിഭവങ്ങളിലേക്കുള്ള പ്രവേശന പ്രശ്നങ്ങൾ പരിഹരിക്കാൻ അന്താരാഷ്ട്ര നിയമപ്രകാരം മത്സ്യ സമ്പത്തിന്റെ സുസ്ഥിരത വർദ്ധിപ്പിക്കേണ്ടതാണ്. പ്രസക്തമായ പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകൾ മുഖേന പ്രവർത്തിക്കുന്ന രാജ്യങ്ങൾ കരാറിലില്ലാത്ത കക്ഷികളെ ഐപിഒഎ യുടെ 78, 79 ഖണ്ഡികകൾ പ്രകാരം ആവശ്യാനുസരണം സഹായിക്കണം.

83. മത്സ്യബന്ധന കപ്പലുകൾക്ക് പതാക ഉയർത്താൻ അവകാശമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഒരു രാജ്യം പരാജയപ്പെടുമ്പോൾ, അല്ലെങ്കിൽ പരമാവധി പരിധിവരെ അതിലെ പൗരൻമാർ പ്രസക്തമായ പ്രാദേശിക മത്സ്യ പരിപാലന സംഘടനയുടെ പരിധിയിൽ വരുന്ന മത്സ്യശേഖരത്തെ പ്രതികൂലമായി ബാധിക്കുന്ന ഐയുയു മീൻ പിടുത്തത്തിൽ ഏർപ്പെടുന്നില്ലെങ്കിൽ സംഘടനയിലുള്ള പ്രവർത്തിക്കുന്ന അംഗരാജ്യങ്ങൾ പ്രശ്നം ആ രാജ്യത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. പ്രശ്ന പരിഹാരത്തിനായി അന്താരാഷ്ട്ര നിയമപ്രകാരം സമ്മതിച്ച നടപടികൾ സ്വീകരിക്കാൻ സംഘടനയിലെ അംഗങ്ങൾ സമ്മതിച്ചേക്കാം.

## V വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ

84. രാജ്യങ്ങൾ ലോകഭക്ഷ്യകാർഷിക സംഘടനയുടെയും മറ്റ് പ്രസക്തമായ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും സഹായത്തോടെ വികസ്വര രാജ്യങ്ങളുമായി, പ്രത്യേകിച്ച് ഏറ്റവും വികസ്വരവും, ചെറുദ്വീപുകളുൾപ്പെടെ സഹകരിക്കുകയും സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ നൽകുന്നത് പരിഗണിക്കുകയും വേണം. അതിനാൽ ഐപിഒഎക്ക് കീഴിലുള്ള അവരുടെ പ്രതിബദ്ധതകളും അന്താരാഷ്ട്ര നിയമമനുസരിച്ചുള്ള ബാധ്യതകളും പതാക രാജ്യങ്ങൾ തുറമുഖ രാജ്യങ്ങൾ എന്നിങ്ങനെയുള്ള അവരുടെ ചുമതലകൾ ഉൾപ്പെടെ പൂർത്തിയാക്കാൻ കഴിയും. അത്തരം സഹായങ്ങൾ അത്തരം രാജ്യങ്ങൾക്ക് നൽകുന്നത് ഖണ്ഡികകൾ പ്രകാരം ഐപിഒഎയുടെ വികസനത്തിനും നടപ്പാക്കലിനും ആയിരിക്കണം.

85. രാജ്യങ്ങൾ ലോകഭക്ഷ്യകാർഷിക സംഘടനയുടെയും പ്രസക്തമായ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും പിന്തുണയോടെ ഉചിതമായ സ്ഥലങ്ങളിൽ പ്രാപ്തമാക്കാൻ സഹകരിക്കണം.

85.1 ദേശീയ നിയമനിർമ്മാണത്തിന്റെയും പ്രാദേശിക നിയന്ത്രണത്തിന്റെയും ചട്ടക്കൂടുകളുടെ അവലോകനവും പുനരവലോകനവും

85.2 മത്സ്യബന്ധനത്തിന്റെയും അനുബന്ധ വിവരങ്ങളുടേയും സമാഹാരവും മെച്ചപ്പെടുത്തലും യോജിപ്പിക്കലും

85.3 പ്രാദേശിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ ഒപ്പം

85.4 ഉപഗ്രഹ നിരീക്ഷണ സംവിധാനങ്ങൾ സംയോജിത എംസിഎസ് സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും മെച്ചപ്പെടുത്തലും

## VI അറിയിക്കൽ (Reporting)

86. രാജ്യങ്ങളും പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകളും അവരുടെ ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള പദ്ധതികളുടെ വിശദീകരണവും നടപ്പാക്കലിന്റെ പുരോഗതിയും സംബന്ധിച്ച് ലോക ഭക്ഷ്യ കാർഷിക സംഘടനയിലേക്ക് വിവരം അറിയിക്കണം. ഈ അറിയിപ്പുകൾ സമയബന്ധിതമായി ലോക ഭക്ഷ്യ കാർഷിക സംഘടന പ്രസിദ്ധീകരിക്കണം.

## VII എഫ്എഒയുടെ കർത്തവ്യം

87. ഐയുയു മത്സ്യബന്ധനത്തിനുള്ള കാരണങ്ങളും കാരണമാകുന്ന ഘടകങ്ങളെയും കുറിച്ചുള്ള എല്ലാ പ്രസക്തമായ വിവരങ്ങളും കൂടുതൽ വിശകലനം ചെയ്യുന്നതിനായി അതിന്റെ കൂടിയാലോചനാ സമിതി നിശ്ചയിച്ച പരിധിവരെ ലോക ഭക്ഷ്യ കാർഷിക സംഘടന ശേഖരിക്കേണ്ടതാണ്. അതുപോലെ നിക്ഷേപം ഉൽപാദനം പരിപാലന നിയന്ത്രണങ്ങളുടെ അഭാവം എന്നിവ അസന്തുലിതമായ മത്സ്യബന്ധനത്തിന് കാരണമാകുന്നു.

88. ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനുമുള്ള പ്രാദേശിക, ദേശീയ

പദ്ധതികളുടെ വികസനത്തിനും നടപ്പാക്കലിനും ലോക ഭക്ഷ്യ കാർഷിക സംഘടന രാജ്യങ്ങൾക്കുള്ള സാങ്കേതിക സഹായം തുടർച്ചയായി മൂലധനമുള്ള പദ്ധതികളിലെ അധികഫണ്ട് ഉപയോഗിച്ചും പതിവ് മൂലധനമുള്ള പദ്ധതികളും കൂടാതെ അധിക മൂലധനനിക്ഷേപത്തിലൂടെയും സംഘടനകൾക്ക് മൂലധനം ലഭ്യമാക്കണം.

89. ലോക ഭക്ഷ്യ കാർഷിക സംഘടന പ്രസക്തമായ മറ്റ് അന്തർദേശീയ സംഘടനകളുമായി സഹകരിച്ച്, പ്രത്യേകിച്ചും അന്താരാഷ്ട്ര സമുദ്ര സംബന്ധമായിട്ടുള്ള സംഘടനയുമായി (IMO) ചേർന്ന് ഐയുയു മത്സ്യബന്ധനത്തെക്കുറിച്ച് കൂടുതൽ അന്വേഷിക്കണം.

90. ഐപിഒഎയുടെ 76 ഖണ്ഡിക നടപ്പാക്കലിനെക്കുറിച്ച് ലോകഭക്ഷ്യകാർഷിക സംഘടന ഒരു വിദഗ്ദ്ധ കൂടിയാലോചന വിളിക്കണം.

91. പ്രാദേശിക, ആഗോള വസ്തുതകൾ (data base) സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതുംകൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ച് ലോക ഭക്ഷ്യ കാർഷിക സംഘടന അന്വേഷിക്കണം. 1993 ലെ എഫ്എഒ പാലിക്കൽ കരാറിന്റെ വകുപ്പ് vi ൽ നൽകിയിട്ടുള്ള വിവരങ്ങൾ ഉൾപ്പെടെ.

92. കേന്ദ്ര കാര്യാലയത്തിന്റെ വിശദമായ വിശകലനത്തെ അടിസ്ഥാനമാക്കി മത്സ്യ വ്യവസായത്തെ സംബന്ധിച്ച എഫ്എഒ കമ്മിറ്റി (COFI) ഐപിഒഎ നടപ്പാക്കുന്നതിലുള്ള പുരോഗതിയെ രണ്ടു വർഷത്തിലൊരിക്കൽ വിലയിരുത്തുക.

നിയമവിരുദ്ധവും, വിവരം അറിയിക്കാത്തതും അനിയന്ത്രണമില്ലാത്തതുമായ മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനമുള്ള അന്താരാഷ്ട്ര പ്രവർത്തന പദ്ധതി (IPOA-IUU) എല്ലാ മത്സ്യതൊഴിലാളികൾക്കും ബാധകമായ ഒരു സന്നദ്ധ രേഖയാണ്. ഐപിഒഎ യുടെ അവതരണത്തെത്തുടർന്ന് ഐയുയു മത്സ്യബന്ധനത്തിന്റെ സ്വഭാവവും വ്യാപ്തിയും അഭിസംബോധന ചെയ്യപ്പെട്ടു. ഇതിനെ തുടർന്നാണ് ഐപിഒഎ യുടെ ലക്ഷ്യവും തത്വങ്ങളും ഐയുയു മത്സ്യബന്ധനം തടയുന്നതിനും നിരുൽസാഹപ്പെടുത്തുന്നതിനും ഉൻമൂലനം ചെയ്യുന്നതിനുമുള്ള നടപടികളുടെ നടപ്പാക്കൽ. എല്ലാ രാജ്യങ്ങളുടെയും പതാകരാജ്യങ്ങളുടെയും, തീരദേശ രാജ്യങ്ങളുടെ അതുപോലെ തുറമുഖ രാജ്യങ്ങളുടെ നടപടികൾ, ഉത്തരവാദിത്വങ്ങൾ അന്താരാഷ്ട്ര തലത്തിൽ അംഗീകരിച്ച കമ്പോളവുമായി ബന്ധപ്പെട്ട നടപടികൾ, ഗവേഷണം, പ്രാദേശിക മത്സ്യ വ്യവസായ പരിപാലന സംഘടനകൾ എന്നിവയിൽ ഐപിഒഎ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വികസ്വര രാജ്യങ്ങളുടെ പ്രത്യേക ആവശ്യങ്ങളും പരിഗണിക്കുന്നതോടൊപ്പം, വിവരങ്ങൾ അറിയിക്കുന്നതിനുള്ള ആവശ്യങ്ങളും ലോകഭക്ഷ്യകാർഷിക സംഘടനയുടെ പങ്കും വിവരിക്കുന്നു.

*Translated and Printed by the Bay of Bengal Programme*
*Inter-Governmental Organisation*
*December 2020*